(ഇ) “ധനകാര്യ സ്ഥാപനം" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും 1934-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ടിന്റെ (1934-ലെ 2-ാം കേന്ദ്ര ആക്ട്) രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു ബാങ്കോ പ്രസ്തുത ആക്ടിന്റെ 45 ഐ വകുപ്പ് (എഫ്) ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘ ആക്ട് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി

കരുതപ്പെടുന്നതോ ആയ സംഘമോ എന്നർത്ഥമാകുന്നതും അതിൽ സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

ഖണ്ഡം 7

ഉപഖണ്ഡം 1-ലെ പട്ടികയിൽ ഇനം (vii)-ൽ "ഓരോ ജില്ലയിൽ നിന്നുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ലീഡ് ബാങ്കിന്റെ ഒരു പ്രതിനിധി" എന്നീ വാക്കുകൾക്ക് പകരം "ലീഡ് ഡിസ്ട്രിക്ട് മാനേജർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 8

ഖണ്ഡിക 8-ൽ "അപേക്ഷയും" എന്ന വാക്കിനുശേഷം "നിർണ്ണയിക്കപ്പെട്ട" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഖണ്ഡം 17

ഖണ്ഡിക 17-ൽ "പ്രധാന" എന്ന് വരുന്നിടത്തെല്ലാം "അസ്സൽ" എന്ന് ചേർക്കേണ്ടതാണ്.

ഖണ്ഡം 21

i) ഉപഖണ്ഡം (1)-ൽ "ചെയ്യാവുന്നതാണ്" എന്ന വാക്കിനുശേഷം ചേർത്തിട്ടുള്ള "." എന്ന ചിഹ്നത്തിനുപകരം ":"എന്ന ചിഹ്നം ചേർക്കേണ്ടതാണ്.

ii) ഉപഖണ്ഡം (1)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ് , അതായത്:-

"എന്നാൽ സമയത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് അപ്പീൽ വാദിക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അപ്പീൽഅധികാരിക്ക് ബോധ്യപ്പെടുകയാണെങ്കിൽ, പ്രസ്തുത അധികാരിക്ക് മുപ്പത് ദിവസം അവസാനിച്ചതിനു ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്" .

ഖണ്ഡം 25

ഉപഖണ്ഡം (2)-ലെ ഇനം (iii) ഒഴിവാക്കേണ്ടതും ശേഷിക്കുന്ന ഇനങ്ങൾ പുനരക്കം ചെയ്യേണ്ടതുമാണ്.

II. **കരട് ചട്ടങ്ങൾ**

1) The Kerala Public Service Commission (Consultation by Corporations and Companies) Amendments Rules, 2025.

(KLS/50/2025-SubcD2)

(സർക്കാർ കത്ത് നം. ഉപസി1/1/2023 /ഉ.ഭ.പ.വ. തീയതി 19.07.2025)

കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി 1971-ലെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) റൂൾസിലെ റൂൾ 2-ലെ Clause (c)- ൽ ഇനം (xiv) ആയി പ്രസ്തുത സ്ഥാപനത്തെ ഉൾപ്പെടുത്തുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2) The Kerala State and Subordinate Services (..... Amendment) Rules, 2025.

(KLS/7319/2025-SubcD2)

(സർക്കാർ കത്ത് നം. റൂൾസ്-1/105/2019-ഉ.ഭ.പ.വ. തീയതി 01.08.2025)

പി.എസ്.സി.യുടെ ജില്ലാതല റിക്രൂട്ട്മെന്റ് വഴി ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതരാവുകയും എന്നാൽ മാതൃ ജില്ലയിൽ പ്രസ്തുത വകുപ്പിന് ഓഫീസുകളോ തസ്തികകളോ ഇല്ലാതിരിക്കുകയോ തസ്തികകളുണ്ടെങ്കിലും ബന്ധപ്പെട്ട വകുപ്പിൽ സമീപ ഭാവിയിൽ ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയില്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ സ്വന്തം ജില്ലയിൽ മറ്റേതെങ്കിലും വകുപ്പിലേക്ക് മാറ്റം ലഭിക്കുന്നതിന്, അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് ബാധകമായ അഞ്ചു വർഷ

സേവനം പൂർത്തിയാക്കണമെന്ന നിബന്ധനയിൽ ഇളവ് നൽകികൊണ്ട് 06.02.2013-ലെ സ.ഉ.(പ)നം.5/2013/ഉ.ഭ.പ.വ. നമ്പർ ഉത്തരവിനനുസൃതമായി കെ.എസ്.&എസ്.എസ്.ആർ. ഭാഗം II-ലെ ചട്ടം 18, ചട്ടം 27 എന്നിവയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3) The Kerala State and Subordinate services (..... Amendment) Rules, 2025.

(KLS/7576/2025-SubcD2)

(സർക്കാർ കത്ത് നം. റൂൾസ്-1/46/2025-ഉ.ഭ.പ.വ. തീയതി 27.08.2025)

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അനുസരിച്ച് "Kallar, Kallan including Isanattu kallar"സമുദായത്തെ 25.01.2025-ലെ സ .ഉ.(കൈ)നം1/2025/BCDD പ്രകാരം സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിനനുസൃതമായി 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് Part I- Schedule List III-ൽ ഇനം 29B ആയി പ്രസ്തുത സമുദായങ്ങളെ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

III. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ</u>

1. The Kerala Police Subordinate Service (India Reserve Battalion) Special Rules, 2025

(KLS/960/2025-Subc D2)

(സർക്കാർ കത്ത് നം. കെ2/275/2022/ആഭ്യന്തരം, തീയതി. 01.02.2025 & D.O letter from Additional Chief Secretary, തീയതി 04.08.2025)

03.05.2025-ലെ സ .ഉ.(കൈ)നം.83/2025/ആഭ്യന്തരം നമ്പർ ഉത്തരവു പ്രകാരം ആഭ്യന്തരം, വനം-വന്യജീവി, ഗതാഗതം, എക്സൈസ് എന്നീ വകുപ്പുകളിലെ

യൂണിഫോംഡ് ഫോഴ്സിലെ തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഉന്തിയ പല്ലിന്റെ പേരിലുള്ള അയോഗ്യത ഒഴിവാക്കുന്നതിനായി അതത് വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിൽ പ്രസ്തുത വ്യവസ്ഥ നിലവിലുണ്ടെങ്കിൽ ആയത് ഭേദഗതി ചെയ്യുന്നതിന് വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ 31.07.2025-ലെ യോഗത്തിൽ പരിഗണിച്ച് അംഗീകരിച്ച ഇന്ത്യാ റിസർവ് ബറ്റാലിയൻ രൂപീകരണം സംബന്ധിച്ച വിശേഷാൽ കരട് ചട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രസ്തുത അയോഗ്യത ഒഴിവാക്കണമെന്ന് വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സമിതി പരിഗണിക്കുകയും പ്രസ്തുത വിഷയം സമിതിക്ക് ബോധ്യപ്പെടുകയും 31.07.2025-ലെ യോഗത്തിൽ അംഗീകരിച്ച The Kerala Police Subordinate Service (India Reserve Battalion) Special Rules, 2025-ലെ യൂണിഫോംഡ് ഫോഴ്സിലെ തസ്തികകളിലേക്കുള്ള നിയമനത്തിനുള്ള തിരഞ്ഞെടുപ്പിലെ ശാരീരിക യോഗ്യതയിൽ ഉൾപ്പെട്ടിരുന്ന ഉന്തിയ പല്ലിന്റെ പേരിലെ അയോഗ്യത ഒഴിവാക്കി ചട്ടം വിജ്ഞാപനം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തു.

2. 2016-ലെ കേരള ഗവൺമെന്റ് പ്രസസ്സ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ്.

(ഫയൽ നം.5718/സബ്.സി. ഡി2/2013/ലെജി.)

(സർക്കാർ കത്ത് നം. SPD C1/80/2025-SPD, തീയതി. 10.10.2024 & 28.02.2025)

റീഡർ ഗ്രേഡ് II-ന്റെ ഫീഡർ കാറ്റഗറിയായ കോപ്പി ഹോൾഡർ തസ്തികയിലുള്ളവരെ കരട് ചട്ടത്തിലുണ്ടായിരുന്ന വിധത്തിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച വിഷയം നിലവിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് വെറ്റ് ചെയ്ത്

നിയമവകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്ന് വകുപ്പ് സെക്രട്ടറി സമിതി ബോധിപ്പിച്ചു.

പ്രിന്റർ ഗ്രേഡ് II തസ്തിക വാനിഷിങ് കാറ്റഗറിയിൽ ഉൾപ്പെട്ടതായതിനാൽ ലെറ്റർ പ്രസ്സ് ഓഫ്സെറ്റ് വിഭാഗത്തിലെ സമാന തസ്തികകൾ പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ എന്ന് പുനർനാമകരണം ചെയ്യേണ്ടതില്ല എന്നും അസിസ്റ്റന്റ് ഫോർമാൻ തസ്തികയുടെ ഫീഡർ കാറ്റഗറിയായ സീനിയർ ഗ്രേഡ് പ്രിന്റർ തസ്തികയ്ക്ക് പുറമേ ഓഫ് സെറ്റ് പ്രിന്റിങ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I-നെ ഉൾപ്പെടുത്തി എസ്.ആർ.ഒ. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

അസിസ്റ്റന്റ് ഫോർമാൻ ബ്രാഞ്ച് VII-ൽ നിന്നും അതേ ബ്രാഞ്ചിലേക്കുള്ള പ്രിന്റർ സീനിയർ ഗ്രേഡ്-ലേക്കുള്ള നിയമനം ബൈ പ്രൊമോഷനും ബ്രാഞ്ച് XVI-ലെ കാറ്റഗറി IV-ലെ ഓഫ്സെറ്റ് പ്രിന്റിങ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I-ൽ നിന്നും, ബ്രാഞ്ച് VII-ലെ കാറ്റഗറി 3-ലേക്കുള്ള നിയമനം ബൈട്രാൻസ്ഫർ മുഖേനയായിരിക്കും എന്നതിൽ വൈരുദ്ധ്യം ഇല്ലാത്തതിനാൽ 16.02.2021-ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 177/2021-ാം നമ്പർ SRO വിജ്ഞാപനത്തിൽ അവ്യക്തത നിലനിൽക്കുന്നില്ലെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിയ സമഗ്രമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

3. ഗതാഗതം (ഇ), പൊതുഭരണ(ഏകോപനം) വകുപ്പുകൾ മുൻ വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ/നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫ.നം. 168/സബ്.സി.ഡി2/2020/ലെജി.)

വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ/നടപടി സ്റ്റേറ്റ്മെന്റുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

4. 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്രസാങ്കേതിക നൂതനവിദ്യ സർവകലാശാലാ ആക്ട്- കരട് സ്റ്റാറ്റ്യൂട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നം.21710/സബ്.സി.ഡി2/2021/ലെജി.)

(സർക്കാർ കത്ത് നം. ഐ.ടി.ബി2/41/23 തീയതി. 05.03.2024)

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്രസാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്ടിന്റെ കരട് സ്റ്റാറ്റ്യൂട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും നിയമവകുപ്പിന്റെ പരിശോധനകൂടി പൂർത്തീകരിച്ചതിനുശേഷം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയും രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

5. 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) (Act 7 of 2024) കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ.നം. 6734/സബ്.സി.ഡി2/2024/ലെജി (വിജിലൻസ് (സി) വകുപ്പ്)

നിയമവകുപ്പിന്റെ പരിശോധന കൂടി പൂർത്തീകരിച്ചതിനുശേഷം രണ്ട് മാസത്തിനുള്ളിൽ സമിതിയുടെ പരിഗണനയ്ക്ക് പ്രസ്തുത കരട് ചട്ടം

സമർപ്പിക്കുന്നതാണെന്ന് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

IV. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

(KLS/3321/2025-Subc D2 (E.4750)

1.	ശാസ്ത്ര സാങ്കേതിക (എ) വകുപ്പ് (ഖണ്ഡിക നം. 93-98) (സർക്കാർ കത്ത് നം. A2/76/2024-എസ്സ്&റ്റി.ഡി., തീയതി 07.07.2025)
2.	പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് (ഖണ്ഡിക നം. 85, 86, 87, 92) (സർക്കാർ കത്ത് നം . എസ്.പി.ഡി.സി2/110/2024/എസ്.പി.ഡി., തീയതി 03.07.2025)
3.	ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് (ഖണ്ഡിക നം. 20, 21, 22) (സർക്കാർ കത്ത് നം. ഡി2/93/2024- പ്ലാനിംഗ്, തീയതി 14.07.2025)
4.	പാർലമെന്ററികാര്യ (എ) വകുപ്പ് (ഖണ്ഡിക നം. 12, 13) (സർക്കാർ കത്ത് നം. PAD-A2/6/2024-PAD, തീയതി 23.07.2025)
5.	ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ (സി) വകുപ്പ് (ഖണ്ഡിക നം. 125) (സർക്കാർ കത്ത് നം. ഐ.ടി.സി-1/65/2024, തീയതി 21.07.2025)
6.	ആഭ്യന്തര (ഇ) വകുപ്പ് (ഖണ്ഡിക നം. 53-69, 99-101) (സർക്കാർ കത്ത് നം. ഇ 2/332/2024, ആഭ്യന്തരം, തീയതി 23.07.2025)
7.	ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ് (ഖണ്ഡിക നം. 48, 49, 50) (സർക്കാർ കത്ത് നം. ഇഎ 1/52/2024/ഇലക്ഷൻ , തീയതി 04.08.2025)
8.	ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ (ഐ.ടി. സെൽ) വകുപ്പ് (ഖണ്ഡിക നം. 124) (സർക്കാർ കത്ത് നം. ഐ.ടി.സെൽ2/191/2024/ഐ.ടി.ഡി. തീയതി 01.08.2025)
9.	നിയമ (പാർല) വകുപ്പ് (ഖണ്ഡിക നം.7, 16, 31, 32, 33, 36, 37, 41, 43, 60, 90) (സർക്കാർ കത്ത് നം. PLY-1/370/2024-LAW, തീയതി 11.09.2025)
10.	പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് (ഖണ്ഡിക നം. 4) (സർക്കാർ കത്ത് നം. പ്രോ4/13/2024/പൊഭവ., തീയതി 29.09.2025)

V. **വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച കാലതാമസപത്രികയുടെ പരിഗണന.**

(KLS/3330/2025-Subc D2 (E.4759))

(സർക്കാർ കത്ത് നം.എ 3/172/2024-എസ് & റ്റി.ഡി., തീയതി 31.07.2025 & 05.05.2025)

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള ശാസ്ത്രസാങ്കേതിക വകുപ്പിന്റെ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി) വാർഷിക പ്രവർത്തന റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

VI. **കരട് റിപ്പോർട്ടുകൾ**

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(KLS/3321/2025-Subc D2 (E.4750))

2. ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(KLS/3478/2025-Subc D2 (E.7011))

മേൽ സൂചിപ്പിച്ച കരട് റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.20-ന് അവസാനിച്ചു.

06.10.2025-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2025 ഒക്ടോബർ 6-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. ടി. പി. രാമകൃഷ്ണൻ
4. ശ്രീ. തോമസ് കെ. തോമസ്
5. ശ്രീ. വി. ജോയി (വീഡിയോ കോൺഫറൻസിംഗ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ജി. സനൽകുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. സീറാം സാംബശിവ റാവു, സ്പെഷ്യൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ്

3. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി,
   നിയമ വകുപ്പ്
4. ശ്രീമതി രഹന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ബാലഗോപാൽ കെ. കെ., അഡീഷണൽ സെക്രട്ടറി,
   ഔദ്യോഗികഭാഷാ വകുപ്പ്
6. ശ്രീ. രാജേഷ് കുമാർ എം., അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്സ് &
   വിവര സാങ്കേതികവിദ്യ വകുപ്പ്
7. ഡോ. ആർ. ശിവകുമാർ, ഭാഷാവിദഗ്ദ്ധൻ, ഔദ്യോഗികഭാഷാ വകുപ്പ്
8. ശ്രീമതി റീന ഡി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീമതി രജനി സി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
10. ശ്രീ. റെജി പി., ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ്
11. ശ്രീമതി പ്രതിഭ എം. എസ്. നായർ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവകലാശാല (ഭേദഗതി) ബിൽ, 2025-ലെ മലയാളഭാഷാ ബിൽ , 2025-ലെ കേരള പൊതുസേവനാവകാശ ബിൽ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

(i) ഉപഖണ്ഡം (1) പ്രകാരം പ്രധാന ആക്ടിലെ 11-ാം വകുപ്പിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 3-ാം ഉപവകുപ്പിൽ "സർക്കാർ, വിജ്ഞാപന പ്രകാരം രൂപീകരിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച് -കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ," എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "വിജ്ഞാപന പ്രകാരം സർക്കാർ രൂപീകരിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച് -കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(ii) (ബി) ഇനത്തിൽ "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ" എന്നീ വാക്കുകൾക്ക് ശേഷം "ചെയർമാൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) (ഡി) ഇനത്തിൽ "സെലക്ട്" എന്ന വാക്കിന് പകരം "നാമനിർദ്ദേശം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iv) (ഇ) ഇനത്തിൽ അംഗം എന്ന വാക്കിനുശേഷം ചേർത്തിട്ടുള്ള "." എന്ന ചിഹ്നത്തിന് പകരം ":" എന്ന ചിഹ്നം ചേർക്കേണ്ടതാണ്.

(v) (ഇ) ഇനത്തിനുശേഷം വരുന്ന ദീർഘ വാചകത്തിന് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :-

"എന്നാൽ സെർച്ച് -കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടുള്ളതല്ല".

(vi) 2-ാം ഉപഖണ്ഡ പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന (4)-ാം ഉപവകുപ്പിൽ "സമിതി" എന്ന വാക്ക് വരുന്നിടത്തെല്ലാം "സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

2. 2025-ലെ മലയാളഭാഷാ ബിൽ

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 7

(i) ഉപഖണ്ഡം (2)-ൽ "ഭാഷകളിൽ അധ്യയനം നടത്താവുന്നതാണ് " എന്ന വാക്കുകൾക്ക് പകരം "ഭാഷകൾ തിരഞ്ഞെടുക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) ഉപഖണ്ഡം (3) താഴെപറയും പ്രകാരം മാറ്റേണ്ടതാണ്.

"(3) ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിൽ വന്നുപഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് IX-ാം സ്റ്റാന്റേർഡിലും X-ാം സ്റ്റാന്റേർഡിലും ഹയർസെക്കണ്ടറി തലത്തിലും മലയാള പരീക്ഷ എഴുതുന്നത് നിർബന്ധമല്ലാത്തതാണ്."

ഖണ്ഡം 9

ഉപഖണ്ഡം (1)-ൽ "ഒരു നിശ്ചിത കാലയളവിനുള്ളിൽ " എന്ന വാക്കുകൾ ഒഴിവാക്കുക.

ഖണ്ഡം 11

ഉപഖണ്ഡം (1)-ൽ "വികസിപ്പിക്കേണ്ടതും" എന്ന വാക്കിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. 2025-ലെ കേരള പൊതുസേവനാവകാശ ബിൽ

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

(i) (എം) ഇനത്തിനുശേഷം താഴെപ്പറയുന്നത് (എൻ) ഇനമായി ചേർക്കേണ്ടതാണ്, അതായത് :-

“(എൻ) "പ്രത്യേക പൊതുസേവനം”എന്നാൽ ആക്ടിന്റെ 5-ാം വകുപ്പ് (6-)ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി 4-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട വകുപ്പ് വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സേവനങ്ങൾ എന്നർത്ഥമാകുന്നു;".

(ii) (എൻ), (ഒ), (പി) ഇനങ്ങൾ യഥാക്രമം (ഒ), (പി), (ക്യു) എന്നിങ്ങനെ പുനഃരക്ഷരം ചെയ്യേണ്ടതാണ്.

ഖണ്ഡം 4

(i) മാർജ്ജിനൽ ശീർഷകത്തിൽ "പൊതുസേവനങ്ങൾ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "പ്രത്യേക പൊതുസേവനങ്ങൾ," എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

(ii) ഉപഖണ്ഡം (1)-ന പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

“(1) ഓരോ വകുപ്പ് തലവനും, ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ ആറുമാസകാലയളവിനുള്ളിൽ, അവർ പ്രദാനം ചെയ്യുന്ന സേവനങ്ങൾ , നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി എന്നിവ ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യേണ്ടതും, പുതുതായി പ്രദാനം

ചെയ്തേക്കാവുന്ന സേവനങ്ങൾ അവ അപ്രകാരം പ്രദാനം ചെയ്യാൻ തീരുമാനിച്ച തീയതി മുതൽ ആറുമാസകാലയളവിനുള്ളിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്."

ഖണ്ഡം 5

ഉപഖണ്ഡം (5)-ന ശേഷം താഴെപ്പറയുന്ന ഉപഖണ്ഡവും ക്ലിപ്തനിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:-

"(6) പ്രത്യേക പൊതുസേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് ലഭ്യമാക്കപ്പെട്ടിട്ടില്ലാത്തപക്ഷം, നിശ്ചിത സമയപരിധി അവസാനിച്ച് അഞ്ച് ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത സേവനം ലഭ്യമാക്കിയതായി കരുതപ്പെടേണ്ടതും അത്തരം സന്ദർഭങ്ങളിൽ നിയുക്ത ഉദ്യോഗസ്ഥനിൽ നിന്നും അപേക്ഷകന് ആവശ്യമായ രേഖകൾ ഇലക്ട്രോണിക് രൂപത്തിലോ അല്ലാതെയോ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഓരോ വകുപ്പ് തലവനും ഏർപ്പെടുത്തേണ്ടതുമാണ്.

എന്നാൽ അപ്രകാരം ഒരു സേവനം ലഭ്യമാകണമെങ്കിൽ എല്ലാ അർത്ഥത്തിലും പൂർണ്ണമായ ഒരു അപേക്ഷ അനുബന്ധ രേഖകൾ സഹിതം സമർപ്പിച്ചിരിക്കേണ്ടതാണ്."

ഖണ്ഡം 8

ഉപഖണ്ഡം (1)-ൽ "മുപ്പത് ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾക്കുശേഷം "നിർണ്ണയിക്കപ്പെടാവുന്ന ഫീസ് ഒടുക്കിക്കൊണ്ട്"എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 10

ഉപഖണ്ഡം (2) താഴെപ്പറയുംപ്രകാരം മാറ്റേണ്ടതാണ്.

"(2) കമ്മീഷൻ, കേന്ദ്ര സർക്കാർ സർവ്വീസിൽ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു സ്ഥാനം വഹിച്ചിരുന്നയാളോ സംസ്ഥാന സർക്കാർ സർവ്വീസിൽ തത്തുല്യ സ്ഥാനം വഹിച്ചിരുന്നയാളോ ആയിരിക്കേണ്ടതാണ്."

ഖണ്ഡം 14

ഉപഖണ്ഡം (1)-ലെ ഇനം (v)-ൽ "ഒന്നാം അപ്പീൽ അധികാരിക്കോ " എന്ന വാക്കുകൾക്കുശേഷം "രണ്ടാം അപ്പീൽ അധികാരിക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 16

(i) ഇനം (എഫ്)-ൽ "അല്ലെങ്കിൽ" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

(ii) (ജി) ഇനത്തിലെ "ഉണ്ടായിരിക്കുന്നതാണ്" എന്ന വാക്ക് എല്ലാ ഇനങ്ങൾക്കും ബാധകമാകുന്ന വിധത്തിൽ അടുത്ത വരിയായി ചേർക്കേണ്ടതാണ്.

ഖണ്ഡം 20

(i) ഉപഖണ്ഡം (2)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

" (3) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ മതിയായതോ തക്കതായതോ ആയ കാരണം കൂടാതെ അപ്പീൽ തീർപ്പുകൽപ്പിക്കുന്നതിൽ രണ്ടാം അപ്പീൽ അധികാരി അനാവശ്യകാലതാമസ്സം വരുത്തിയിട്ടുണ്ടെന്ന് കമ്മീഷൻ കണ്ടെത്തുന്നപക്ഷം രണ്ടാം അപ്പീൽ അധികാരിക്കുമേൽ മൂവായിരം രൂപയിൽ കുറയാതെയും പതിനയ്യായിരം രൂപവരെയാകാവുന്നതുമായ പിഴ ചുമത്താവുന്നതാണ്.

എന്നാൽ അപ്രകാരം പിഴ ചുമത്തുന്നതിന് മുമ്പ് കമ്മീഷൻ, രണ്ടാം അപ്പീൽ അധികാരിക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്".

(ii) ഉപഖണ്ഡം (3), (4) എന്നിവ യഥാക്രമം (4), (5) എന്നിങ്ങനെ പുനരക്കം ചെയ്യേണ്ടതാണ്.

യോഗം രാവിലെ 11.20-ന് അവസാനിച്ചു.

06-02-2026 ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2026 ഫെബ്രുവരി 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ബഹു . സമിതി ചെയർപേഴ്സണും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. ടി. പി. രാമകൃഷ്ണൻ
3. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
4. ശ്രീ. വി. ജോയി (വീഡിയോ കോൺഫറൻസിങ് മുഖേന)
5. ശ്രീ. തോമസ് കെ. തോമസ് (വീഡിയോ കോൺഫറൻസിങ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി വി. ആർ. രജനി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ശ്രീ. നിതിൻ അഗർവാൾ, ഡയറക്ടർ ജനറൽ, ഫയർ ആൻഡ് റസ്ക്യൂ സർവീസസ് വകുപ്പ്

3. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീമതി അനുപമ ടി. വി., സെക്രട്ടറി, നോർക്ക വകുപ്പ്

5. ശ്രീ. സീറാം സാംബശിവ റാവു, സ്പെഷ്യൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ്

6. ഡോ. ബിവീഷ് യു. സി., ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

7. ശ്രീ. മുഹമ്മദ് ഷഫീഖ്, ഡയറക്ടർ, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

8. ശ്രീ. മനോജ് എൻ. കെ., ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസ്

9. ശ്രീ. സന്ദീപ് കുമാർ, ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

10. ശ്രീ. ജയരാജ് ജി., ഡയറക്ടർ, സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ്)

11. ശ്രീ. രത്നകുമാർ പി. കെ., ഡയറക്ടർ, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം.)

12. ഡോ. സുനിൽ ടി. ടി., ഡയറക്ടർ, ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (ICFOSS)

13. ശ്രീമതി ജോസഫൈൻ കെ ., സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ

14. ശ്രീ. ദിലീപ് കുമാർ ടി. ഐ., സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ
ഗവൺമെന്റ്

15. ശ്രീ. കെ. സുനിൽ കുമാർ , അഡീഷണൽ സെക്രട്ടറി , ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ.) വകുപ്പ്

16. ശ്രീമതി ഗീത എം., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

17. ശ്രീ. ഇർഷാദ് എം. എസ്., അഡീഷണൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്

18. ശ്രീ. സന്തോഷ് കുമാർ ആർ., അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

19. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

20. പ്രൊഫ. എ. സാബു, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ്

21. ശ്രീ. അജിത് കോലശ്ശേരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്

22. ശ്രീ. ജി. ലെവിൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്പേസ് പാർക്ക് (KSPACE)

23. പ്രൊഫ. എ. മുജീബ്, രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി

24. ശ്രീ. രാജീവ് കുമാർ സി. എൻ., രജിസ്ട്രാർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള

25. ശ്രീ. രജികുമാർ ആർ., ജോയിന്റ് സെക്രട്ടറി, പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്

26. ശ്രീ. ശ്യാം വി., ജോയിന്റ് സെക്രട്ടറി, വിവര പൊതുജന സമ്പർക്ക വകുപ്പ്

27. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

28. ശ്രീ. സുരേഷ് കുമാർ ഒ. ബി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

29. ശ്രീമതി വിജയശ്രീ എം. എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

30. ശ്രീ. രാജേഷ് അന്തോളി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

31. ശ്രീ. ഐറിഷ് എൻ., ഫിനാൻസ് ഓഫീസർ, ഡയറക്ടർ ഓഫ് പ്രിന്റിങ്

32. ശ്രീ. വി. രാമചന്ദ്രൻ പോറ്റി, മാനേജിങ് ഡയറക്ടർ, വിഷൻ വർക്കല ഇൻ ഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് (VIVID) കോർപ്പറേഷൻ ലിമിറ്റഡ്

33. ഡോ. സന്തോഷ് ബാബു, മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർ മേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) & കേരള ഫൈബർ ഓപ്ടിക് നെറ്റ്വർക്ക് (KFON)

34. ശ്രീ. സന്തോഷ് വി., അസിസ്റ്റന്റ് ജനറൽ മാനേജർ, ഇൻഫോപാർക്ക്

35. ശ്രീമതി ഷൈനി മാത്യൂ, സീനിയർ മാനേജർ, സൈബർ പാർക്ക്

36. ശ്രീമതി പൊന്നി മനേഷ്, മാനേജർ, ഓവർസീസ് കേരളൈറ്റ്സ് ഇൻ വെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ്

37. ശ്രീ. കെ. ജി. സന്തോഷ്, അഡീഷണൽ ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

38. ശ്രീ. പി. ദേവേന്ദ്ര കുമാർ, രജിസ്ട്രാർ (ഫിനാൻസ്), കേരള ഹൈക്കോടതി

സമിതി, 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II (സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ), III (നീതിന്യായ നിർവഹണം), XIV (സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും), XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം), XXIII (വാർത്താവിതരണവും പ്രചരണവും), XXIV (തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും), XXVIII (പലവക സാമ്പത്തിക സർവീസുകൾ), XXXVII (വ്യവസായങ്ങൾ - ഇലക്ട്രോണിക്സ് വ്യവസായങ്ങൾ) എന്നീ ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർഥന നമ്പർ II

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ,

ആസ്ഥാന ഉദ്യോഗസ്ഥൻമാർ

2013-00-101-99-01-4- മന്ത്രിമാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

മന്ത്രിമാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ചെലവുകൾക്കായി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2013-00-104-99-00-13 - **അതിഥി സൽക്കാര ചെലവുകൾ-ആതിഥേയ/വിനോദ ചെലവുകൾ**

അതിഥി സൽക്കാര ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2013-00-800-99- മറ്റ് ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ 2026-27 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുകയും 50

ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2051-00-102-99- <u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

പബ്ലിക് സർവീസ് കമ്മീഷനിലെ ജീവനക്കാരുടെ യാത്രാബത്ത , ആസ്ഥാന ഓഫീസ്, വിവിധമേഖലാ ഓഫീസുകൾ എന്നിവിടങ്ങളിലെ വെള്ളക്കരം , ചോദ്യകടലാസ്, ഒ.എം.ആർ. ഷീറ്റ് തയ്യാറാക്കൽ, ഓഫീസ് ചെലവുകൾ, വാടക, കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് പകരം പുതിയ ഓഫീസ് വാഹനങ്ങൾ വാങ്ങൽ, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരേ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

04-1-യാത്രാചെലവുകൾ - യാത്രാബത്ത	2 കോടി രൂപ
05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം	9.50 ലക്ഷം രൂപ
05-4- മറ്റിനങ്ങൾ	5 കോടി രൂപ
06- വാടക, കരം, നികുതി	50 ലക്ഷം രൂപ
21-1- മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ	99.99 ലക്ഷം രൂപ
28- തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ	9.58 കോടി രൂപ

2052-00-090-99 <u>അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം

അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

01-4 -മെഡിക്കൽ റീഇംബേഴ്സ്മെന്റ്	17 ലക്ഷം രൂപ
02-വേതനം (1. ശമ്പളം 2.ക്ഷാമബത്ത, 3-മറ്റ് അലവൻസുകൾ)	86,000 രൂപ
05-1-ഓഫീസ് ചെലവുകൾ - വെള്ളക്കരം	1.5 ലക്ഷം രൂപ
05-2-ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്	20 ലക്ഷം രൂപ
05-4-ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ	10 ലക്ഷം രൂപ
17-ചെറുകിട മരാമത്ത് പണികൾ	1 കോടി രൂപ
21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും	1 ലക്ഷം രൂപ
24- സാധന സാമഗ്രികൾ	7 ലക്ഷം രൂപ
34-3- മറ്റുചെലവുകൾ - മറ്റിനം	50 ലക്ഷം രൂപ

2052-00-090-97- <u>മറ്റ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, ഈ ശീർഷകത്തിലെ 01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 04-1 യാത്രാബത്ത, 05-4 മറ്റു ചെലവുകൾ എന്നീ കണക്കിനങ്ങളിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ യഥാക്രമം 30 ലക്ഷം രൂപ, 20 ലക്ഷം രൂപ, 1 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2052-00-090-95- നിയമവകുപ്പ്

നിയമ വകുപ്പിലെ ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ സെറ്റിൽമെന്റ് , ഗവ.പ്ലീഡർമാരുടെയും നോട്ടറിമാരുടെയും ഓഫീസ് പരിശോധനകളുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് യാത്രാബത്ത, ജൂഡീഷ്യൽ ഓഫീസർമാരുടെ സ്ഥലംമാറ്റബത്ത എന്നിവയ്ക്കും നിയമ (ലൈബ്രറി) വകുപ്പിൽ എ .സി. സ്ഥാപിക്കുന്നതിനും, പുതിയ നിയമ പുസ്തകങ്ങൾ വാങ്ങുന്നതിനും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനചെലവ്, പ്രിന്ററുകൾ, ടോണറുകൾ എന്നിവ വാങ്ങുന്നതിനും കൂടുതൽ തുക ആവശ്യമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

01-4 -മെഡിക്കൽ റീഇംബേഴ്സ്മെന്റ്	15 ലക്ഷം രൂപ
04-1 -യാത്രാ ചെലവുകൾ - യാത്രാബത്ത	8 ലക്ഷം രൂപ
04-2-സ്ഥലംമാറ്റ ബത്ത	5 ലക്ഷം രൂപ
05-4 മറ്റിനങ്ങൾ	4 ലക്ഷം രൂപ
21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും	3 ലക്ഷം രൂപ
45- പി.ഒ.എൽ.	2 ലക്ഷം രൂപ
99- വിവരസാങ്കേതിക വിദ്യ	9 ലക്ഷം രൂപ

2052-00-090-66- സെക്രട്ടേറിയറ്റ്- പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഇൻ-ഹൗസ്ട്രെയിനിംഗ് സെൽ

2026-27-ൽ 50 ഓൺ ദി ജോബ് പരിശീലനങ്ങളും 25 കപ്പാസിറ്റി എൻഹാൻസ്മെന്റ് പരിശീലനങ്ങളും 5 സ്പെഷ്യലൈസ്ഡ് പരിശീലനങ്ങളും നടത്തുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം

രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2052-00-090-64-33- കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം - സബ്സിഡികൾ

കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിന്റെ പ്രവർത്തനത്തിനായി അനുവദിച്ച തുക, മുൻവർഷത്തെ ചെലവ് കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2052-00-092-93- റസിഡന്റ് കമ്മീഷണറുടെ കാര്യാലയം, ന്യൂഡൽഹി

കേരള ഹൗസിൽ നിയമിക്കപ്പെട്ട പ്രത്യേക പ്രതിനിധിയുടെയും അദ്ദേഹത്തിന്റെ ഓഫീസ് സ്റ്റാഫിന്റെയും ശമ്പളം, പ്രത്യേക പ്രതിനിധി റസിഡന്റ് കമ്മീഷണറുടെ യാത്രാബത്ത, ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് , കേരള ഹൗസിൽ സ്ഥാപിച്ചിട്ടുള്ള വൈഫൈ കണക്ഷന്റെ പ്രതിമാസ ചെലവ് , ടെലിഫോൺ കണക്ഷനുകൾക്കും എം.ടി.എൻ.എൽ., എഫ്.ടി.ടി.എച്ച് കണക്ഷനുകൾക്കുള്ള ബില്ലുകൾ , ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപണികൾ , ആതിഥേയ ചെലവുകൾ ഇന്ധനചെലവുകൾ എന്നിവയ്ക്കായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന/ ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

01-4 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്	3.60 ലക്ഷം രൂപ
02-4 കൺസോളിഡേറ്റഡ് പേ	93,000 രൂപ
04-1-യാത്രാചെലവുകൾ - യാത്രാബത്ത	10 ലക്ഷം രൂപ
05-3 ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്	4.04 ലക്ഷം രൂപ
13- ആതിഥേയ / വിനോദ ചെലവുകൾ	2 ലക്ഷം രൂപ
21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും	1.24 ലക്ഷം രൂപ
45- പി.ഒ.എൽ	90,000 രൂപ

2052-00-092-88- <u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

സംസ്ഥാന വിവരാവകാശ കമ്മീഷനിലെ അടിയന്തര ഓഫീസ് ചെലവുകൾക്കും, ഇന്ധനചെലവ്, മറ്റ് അനുബന്ധ ഓഫീസ് ചെലവുകൾ, കമ്മീഷണർമാരുടെ അലവൻസ്, ഔദ്യോഗിക സ്റ്റാന്റിംഗ് കൗൺസിലിന് കേസിന്റെ ഫീസ് എന്നിവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05-4 – ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ	7 ലക്ഷം രൂപ
34-3 – മറ്റ ചെലവുകൾ -മറ്റിനം	5 ലക്ഷം രൂപ
45 – പി.ഒ.എൽ.	5 ലക്ഷം രൂപ

2052-00-188-99- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

31-സഹായധനം-ശമ്പളം

ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം , ശമ്പള പരിഷ്കരണ കുടിശ്ശിക, മുൻ ഡയറക്ടർ ജനറലിന്റെ പേറിവിഷൻ കുടിശ്ശിക , ഡി.എ. കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 36.72 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2052-00-188-99- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

36-സഹായധനം-ശമ്പളേതരം

2026-27 സാമ്പത്തിക വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 10 നിയോജക മണ്ഡലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന സ്റ്റുഡന്റ്സ് സഭ, സ്കൂൾ/കോളേജ് സെമിനാർ, YPC/MPC യുമായി ബന്ധപ്പെട്ട് ട്രെയിനിംഗ്, YPC മത്സരത്തിൽ തെരഞ്ഞടുക്കപ്പെട്ട ബെസ്റ്റ് പാർലമെന്റേറിയൻമാർക്കുള്ള ക്യാമ്പ്, പാർലമെന്റ് സന്ദർശനം, ഭരണഘടനാ അവബോധ പരിപാടികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 82.78 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2251-00-090-99- സെക്രട്ടേറിയറ്റ് സാമൂഹ്യ സർവ്വീസുകൾ

01-4-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 17 ലക്ഷം രൂപ അധികമായി

ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3451-00-090-99- <u>സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് മനസിലാക്കിയ സമിതി പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

01-4 – മെഡിക്കൽ റീഇംബേഴ്സ്മെന്റ്	40 ലക്ഷം രൂപ
04-1 - യാത്രാബത്ത	20 ലക്ഷം രൂപ
04-2 - സ്ഥലമാറ്റബത്ത	10 ലക്ഷം രൂപ
04-4 – അവധി യാത്രാനുകൂല്യം	10 ലക്ഷം രൂപ
06- വാടക, കരം, നികുതി	5 ലക്ഷം രൂപ

3451-00-092-99- <u>മോണിറ്ററിംഗ് യൂണിറ്റ്</u>

പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെയും, പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടത് വഴി നിയമിതരായ ജില്ലാ വികസന കമ്മീഷണർമാരുടെയും ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനും, ടൂർ ടി. എ., ട്രാൻസ്ഫർ ടി. എ., മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപണികൾ , എന്നിവയ്ക്കും ബഡ്ജറ്റ് വിഹിതം

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 83.55 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3451-00-092-95- ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

34-3-മറ്റ് ചിലവുകൾ-മറ്റിനം

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടറുടെ ശമ്പളവും മറ്റ് അലവൻസുകളും, ഡയറക്ടറുടെ ഉപയോഗത്തിനായി വാടകയ്ക്കെടുത്ത വാഹനത്തിന്റെ തുക എന്നിവ നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3451-00-092-92- കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ (ഇന്നൊവേഷൻ ചലഞ്ച് ഫണ്ട്)

34-3-മറ്റ് ചിലവുകൾ-മറ്റിനം

കെ-ഡിസ്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന യങ് ഇന്നൊവേറ്റേർസ് പ്രോഗ്രാം , മഴവില്ല്, മഞ്ചാടി, ഒരു ജില്ല ഒരു ആശയം , ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസബിലിറ്റി തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3451-00-092-92- കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ

കെ.ഡിസ്കിന് വേതനം, വൈദ്യുതി ചെലവ്, ഓഫീസ് വാടക, മറ്റിനങ്ങൾ എന്നിവയിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും താഴെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05-2 - വൈദ്യുതി ചെലവ്	8 ലക്ഷം രൂപ
05-4 – മറ്റിനം	2 ലക്ഷം രൂപ
06- വാടക, കരം, നികുതി	20 ലക്ഷം രൂപ

3451-00-092-83- പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യൂവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം

പ്രോജക്ട് കോർഡിനേറ്റേഴ്സ് / ജൂനിയർ റിസോർസ് പേഴ്സൺ എന്നിവരുടെ ശമ്പളം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.8342 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3451-00-101-98- ജില്ലാ ആസൂത്രണ സമിതികൾ/ ജില്ലാ വികസന കൗൺസിലുകൾ

ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടർ, പ്രിന്റർ, എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.50 ലക്ഷം രൂപ അധികമായി

ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന്ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3451-00-092-81 വിജ്ഞാന കേരളം-ജനകീയ ക്യാമ്പയിൻ (പുതിയ ശീർഷകം)

വിജ്ഞാന കേരളം-ജനകീയ ക്യാമ്പയിൻ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 01- ഇനത്തിൽ 10 കോടിയും 02-ഇനത്തിൽ 20 കോടിയും എന്നിങ്ങനെ ആകെ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ III

നീതിന്യായ നിർവ്വഹണം

2014-00-102-99-ഹൈക്കോടതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും മുൻജഡ്ജിമാരുടെയും ക്യാഷ്ലെസ്സ് മെഡിക്കൽ സംവിധാനം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചെലവുകൾ, വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനായി ജഡ്ജിമാർ നടത്തുന്ന യാത്രകളുടെ ചെലവുകൾ, മറ്റുചെലവുകൾ, വാഹനങ്ങൾ വാങ്ങൽ, പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള ചെലവുകൾ, ഐ.ടി. അനുബന്ധകാര്യങ്ങൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്	1 കോടി രൂപ
04-1-യാത്രാ ചെലവുകൾ - യാത്രാബത്ത	35 ലക്ഷം രൂപ
05-2-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്	44.52 ലക്ഷം രൂപ
05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ	63.60 ലക്ഷം രൂപ
21-1-മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ	1.83 കോടി രൂപ
34-3-മറ്റു ചെലവുകൾ-മറ്റിനം	21.86 ലക്ഷം രൂപ
91-പരിശീലനം	60 ലക്ഷം രൂപ
99-വിവരസാങ്കേതികവിദ്യ	63.87 ലക്ഷം രൂപ

2014-00-102-98-ഹൈക്കോർട്ട് ലൈബ്രറിക്ക് പുസ്തകം വാങ്ങൽ

ഹൈക്കോടതി ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ വാങ്ങുന്നതിന് പുറമെ വിവിധ ജേർണലുകളുടെയും സോഫ്റ്റ്വെയറുകളുടെയും വരിസംഖ്യയും ഇതേ ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 40.09 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-102-97-ഹൈക്കോടതി കമ്പ്യൂട്ടർവൽക്കരണം

ഹൈക്കോടതിയിൽ കാലഹരണപ്പെട്ട ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ തുടങ്ങിയവ മാറ്റി വാങ്ങുന്നതിനും, ഹെവി ഡ്യൂട്ടി മൾട്ടിഫംഗ്ഷൻ ഡിവൈസുകൾ വാങ്ങുന്നതിനും, ലീസ്ഡ് ലൈൻ ഇന്റർനെറ്റ് കണക്ടിവിറ്റി ചാർജ്ജ് മുതലായവയ്ക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.1125 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-103-96- അതിവേഗ പ്രത്യേക പോക്സോ കോടതികളുടെ സ്ഥാപനം (60% കേന്ദ്രാവിഷ്കൃതം) (01) പോക്സോ കേസുകളുടെ വിചാരണക്കായി ഫാസ്റ്റ് ട്രാക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കൽ

06-വാടക, കരം, നികുതി

പോക്സോ കോടതികളിലെ ഏകദേശം 55 ജൂഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക നൽകുന്നതിനും വാടക കെടിശ്ശിക നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.06 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-105-99-സിവിലും സെഷൻസും കോടതികൾ

ഈ ശീർഷകത്തിൻ കീഴിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് , യാത്രാബത്ത, വൈദ്യുതിചെലവ്, ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാലും വാഹനങ്ങൾ വാങ്ങൽ എന്ന ഇനത്തിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്	1.50 കോടി രൂപ
04-1-യാത്രാചെലവുകൾ-യാത്രാബത്ത	80 ലക്ഷം രൂപ
05-2-വൈദ്യുതി ചെലവ്	41 ലക്ഷം രൂപ
05-3-ടെലിഫോൺ ചെലവ്	1.7856 കോടി രൂപ
21-1-വാഹനങ്ങൾ വാങ്ങൽ	24 ലക്ഷം രൂപ

2014-00-105-98-മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21-1-മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

ആലപ്പുഴ, കോട്ടയം, മൂവാറ്റുപുഴ, നെയ്യാറ്റിൻകര എന്നിവിടങ്ങളിലെ MACT-കളുടെ ആവശ്യത്തിലേക്കായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഭരണാനുമതി ലഭിക്കുന്നപക്ഷം വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-108-99-ക്രിമിനൽ കോടതികൾ

ജഡ്ജിമാരുടെയും ജീവനക്കാരുടെയും മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് ചെലവുകൾ, ജഡ്ജിമാരുടെ ടെയിനിങ്ങിനുള്ള യാത്രാബത്ത , നോട്ടീസ് നൽകുന്നതിനുള്ള യാത്രാബത്ത, ക്രിമിനൽ കോടതികളുടെ ദൈനംദിന ഓഫീസ് ആവശ്യങ്ങളുടെ ചെലവ് , എന്നിവയ്ക്ക് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ആവശ്യത്തിലേക്കായി വാഹനങ്ങൾ വാങ്ങുന്നതിനുള്ള ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാലും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന / ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്	30 ലക്ഷം രൂപ
04-1- യാത്രാ ചെലവുകൾ-യാത്രാബത്ത	17 ലക്ഷം രൂപ
21-1-വാഹനങ്ങൾ വാങ്ങൽ	12 ലക്ഷം രൂപ

2014-00-114-99-നിയമോപദേഷ്ടാക്കളും കൗൺസലുകളും - ലാ ഓഫീസർമാർ

അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ 05-3- ടെലിഫോൺ ചെലവിനത്തിൽ 8 ലക്ഷം രൂപയും 97-വാഹനങ്ങളുടെ വാടക ഇനത്തിൽ 3 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-114-98- ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർ മാർക്കുള്ള ഫീസും

നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർ , അഡീഷണൽ ഗവൺമെന്റ് പ്ലീഡർ , ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടർമാരുടെയും 14 ജില്ലകളിലെ POCSO കോടതികളിലെ 14 സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരുടെയും പ്രതിഫലം, ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളം എന്നിവ നൽകുന്നതിനും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസവേതന ചെലവ്, വാഹനങ്ങൾക്കാവശ്യമായ ഇന്ധന ചെലവ്, ഇൻഷ്വറൻസ് പ്രീമിയം, വാഹനങ്ങളുടെ അറ്റകുറ്റപണികൾ എന്നിവയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.0187 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-114-97-അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ

സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ , അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിലെ ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ , ഓഫീസ് ചെലവ്, യാത്രാപ്പടി, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-114-96-പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും കേരള ലോക് ആയുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തനചെലവുകൾക്കും വാടക, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-114-93-കേരള സംസ്ഥാന നിയമസഹായ സമിതി (കെൽസ)

കേരള സംസ്ഥാന നിയമസഹായ സമിതിയുടെ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്	22.80 ലക്ഷം രൂപ
04-1-യാത്രാബത്ത	3 ലക്ഷം രൂപ

04-2-സ്ഥലംമാറ്റ ബത്ത	5 ലക്ഷം രൂപ
04-4-അവധിയാത്രാനുകൂല്യം	4.40 ലക്ഷം രൂപ
05-1-വെള്ളക്കരം	11,000 രൂപ
05-2-വൈദ്യുതി ചെലവ്	1.73 ലക്ഷം രൂപ
05-3-ടെലഫോൺ ചെലവ്	82,000 രൂപ
05-4-മറ്റിനങ്ങൾ	1.62 ലക്ഷം രൂപ
06-വാടക, കരം, നികുതി	13 ലക്ഷം രൂപ
21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും	1.40 ലക്ഷം രൂപ
21-3-ഇൻഷ്വറൻസ്	13,000 രൂപ
34-3- മറ്റുചെലവുകൾ - മറ്റിനം	1.3750 കോടി രൂപ
45- പി.ഒ.എൽ.	1.43 ലക്ഷം രൂപ
97- വാഹനങ്ങളുടെ വാടക	36.80 ലക്ഷം രൂപ
99- വിവരസാങ്കേതിക വിദ്യ	9 ലക്ഷം രൂപ

2014-00-114-92-സ്ഥിര ലോകഅദാലത്ത്

പെർമെനന്റ് ലോകഅദാലത്തിന്റെ ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ്	4.50 ലക്ഷം രൂപ
04-1- യാത്രാബത്ത	2.9 ലക്ഷം രൂപ
04-2- സ്ഥലംമാറ്റബത്ത	3.99 ലക്ഷം രൂപ

04-4- അവധിയാത്രാനുകൂല്യം	5.99 ലക്ഷം രൂപ
05-2- വൈദ്യുതി ചെലവ്	1.17 ലക്ഷം രൂപ
05-3- ടെലിഫോൺ ചെലവ്	44,000 രൂപ
05-4- മറ്റിനങ്ങൾ	11,000 രൂപ
06- വാടക, കരം, നികുതി	4.10 ലക്ഷം രൂപ
67- പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ	45,000 രൂപ
99-വിവരസാങ്കേതികവിദ്യ	1.50 ലക്ഷം രൂപ

2014-00-114-90-പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം

34-3-മറ്റു ചെലവുകൾ-മറ്റിനം

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-114-88- കെൽസയുടെ കീഴിൽ Accredited Mediators-മാർക്ക് പ്രതിഫലം നൽകൽ

മീഡിയേറ്റർമാരുടെ ഓണറേറിയം 2024 ജൂലൈ മുതലുള്ള കുടിശ്ശിക ഉൾപ്പെടെ നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൽ 5.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-116-99-കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി

04-1-യാത്രാചെലവുകൾ-യാത്രാബത്ത

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ചെയർമാൻ ഉൾപ്പെടെ 3 ജുഡീഷ്യൽ അംഗങ്ങൾക്കും 3 അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾക്കും കേന്ദ്ര ട്രൈബ്യൂണൽ (കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് 2021 പ്രകാരം അർഹതപ്പെട്ട യാത്രാബത്ത അനുവദിക്കുന്നതിനായി ഈ ഇനത്തിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-117-99-കുടുംബ കോടതികൾ

കുടുംബകോടതികളിലെ ഓഫീസ് ചെലവുകൾ , അഡീഷണൽ കൗൺസിലർമാരുടെ സേവനത്തിനുള്ള വേതനം എന്നിവ നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 05-4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ എന്ന ഇനത്തിൽ 61 ലക്ഷം രൂപയും 28- തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഇനത്തിൽ 22 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-118-99- സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടറുകൾ വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യൽ

സംസ്ഥാനത്തുടനീളം ഏഴ് കടലാസ് രഹിത / ഓൺലൈൻ കോടതികൾ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 4.4337 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-120-99-ഇ-കോടതികൾ സ്ഥാപിക്കൽ

കോടതികളിലെ സാങ്കേതിക ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ജില്ലാ ജൂഡീഷ്യറിയുമായി ബന്ധപ്പെട്ട WAN കണക്റ്റിവിറ്റി ചാർജ്ജുകളും നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.78 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-800-94-നിയമസഹായനിധി അംശദാനം

അഭിഭാഷക ക്ഷേമനിധിയുടെയും അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയുടെയും വിരമിക്കൽ ആനുകൂല്യം , പെൻഷൻ, ചികിത്സാ ധനസഹായം, ജൂനിയർ അഭിഭാഷകരുടെ സ്റ്റൈപ്പന്റ് നൽകൽ , നിയമസഹായ കേന്ദ്രങ്ങൾ സ്ഥാപിക്കൽ , വിദ്യാഭ്യാസ ആനുകൂല്യം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ ധനകാര്യ വകുപ്പിൽ നിന്നും നിയമസഹായ നിധിയിലേക്ക് ലഭ്യമാക്കാനുള്ള കുടിശ്ശിക തുകയായ 6455.57 ലക്ഷം രൂപയും കൂടാതെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായി അനുവദിച്ചതിൽ ബാക്കി ലഭിക്കാനുള്ള 1000 ലക്ഷം രൂപയും ഉൾപ്പെടെ 141.3812 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-800-93 - സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജൂഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക

06-വാടക, കരം, നികുതി

വിചാരണ കോടതികളിലെ ഏകദേശം 170 ജൂഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.28 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-800-93 - സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജൂഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക

18-സംരക്ഷണം

റസിഡൻഷ്യൽ ക്വാർട്ടേഴ്സുകളുടെ ശരിയായ പരിപാലനത്തിനായി ഓരോ പ്രിൻസിപ്പൽ ജില്ലാ ജഡ്ജിമാർക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 92.09 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-800-91- മനുഷ്യാവകാശ സംരക്ഷണ ആക്ട് 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ, 1998

31-സഹായധനം-ശമ്പളം

36-സഹായധനം-ശമ്പളേതരം

കമ്മീഷനിലെ ചെയർപേഴ്സണും അംഗങ്ങൾക്കും മറ്റ് ജീവനക്കാർക്കും അന്വേഷണ വിഭാഗം ഉദ്യോഗസ്ഥർക്കും ക്ഷാമബത്തകളും അലവൻസുകളും നൽകുന്നതിനും 2026-27 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിനും കമ്മീഷനിലെ ശമ്പളേതര ചെലവുകൾക്കായും അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 31-ശമ്പളയിനത്തിൽ 4.4225 കോടി രൂപയും 36-ശമ്പളേതര ഇനത്തിൽ 1.0689 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-108-99-വിമാനം കോമ്പൻസേഷൻ ഫണ്ട്

ബജറ്റ് വിഹിതം അപര്യാപ്തമായതിനാലും മുൻവർഷത്തെ അപേക്ഷിച്ച് വിമാനം കോമ്പൻസേഷൻ ക്ലെയിം കൂടുതലായതിനാൽ ഈ ശീർഷകത്തിൽ 17.95 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XIV

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2058-00-001-99-ഭരണവും നടത്തിപ്പും

സ്റ്റേഷനറി വകുപ്പിന്റെ വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാലും 21-1 വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാലും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ

കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന /ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

04-യാത്രാ ചെലവുകൾ	1.50 ലക്ഷം രൂപ
05-ഓഫീസ് ചെലവുകൾ	7 ലക്ഷം രൂപ
06-വാടക, കരം, നികുതി	3 ലക്ഷം രൂപ
21-1-വാഹനം വാങ്ങൽ	45 ലക്ഷം രൂപ
26-ഔദ്യോഗിക ഭാഷാ പ്രയോഗം	8000 രൂപ

2058-00-101-99-സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18-സംരക്ഷണം

24-സാധനസാമഗ്രികൾ

2026-27 സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 18-സംരക്ഷണം, 24-സാധനസാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ യഥാക്രമം 3 ലക്ഷം രൂപ, 5 കോടി രൂപ വീതം അധികമായി ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2058-00-103-99-ഗവൺമെന്റ് പ്രസ്സുകൾ

അച്ചടി വകുപ്പിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും , ഓവർടൈം അലവൻസ്, യാത്രാബത്ത, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ്, ലോഡിംഗ്/ അൺ ലോഡിംഗ് തൊഴിലാളികളുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ , കെട്ടിടങ്ങളുടെ വാടകയും നികുതിയും, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ സ്പെയർപാർട്ട്സ് വാങ്ങുന്നതിനുള്ള തുക, വാഹനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ, ഫാക്ടറി ലൈസൻസ് പുതുക്കുന്നത്, വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ചെലവുകൾ തുടങ്ങി

വിവിധയിനങ്ങളിൽ ആവശ്യമായ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്ക് നേരെയുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

01-1-ശമ്പളം	27.50 കോടി രൂപ
01-6-ഓവർടൈം അലവൻസ്	50 ലക്ഷം രൂപ
02-വേതനം	60 ലക്ഷം രൂപ
04-1-യാത്രാചെലവുകൾ-യാത്രാബത്ത	4.22 ലക്ഷം രൂപ
05-1-വെള്ളക്കരം	3 ലക്ഷം രൂപ
05-3-ടെലിഫോൺ	1.09 ലക്ഷം രൂപ
05-4-മറ്റിനങ്ങൾ	15 ലക്ഷം രൂപ
06- വാടക, കരം, നികുതി	1.7101 കോടി രൂപ
17-ചെറുകിടമരാമത്ത് പണികൾ	3.75 ലക്ഷം രൂപ
18-സംരക്ഷണം	1 കോടി രൂപ
19- യന്ത്രോപകരണങ്ങൾ	6 ലക്ഷം രൂപ
21-2-വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ	1.69 ലക്ഷം രൂപ
21-3-വാഹന ഇൻഷ്വറൻസ്	33000 രൂപ
2055-00-115-98-24-ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തൽ

ഇന്റലിജൻസിന്റെ ആധുനികവൽക്കരണത്തിനും സാങ്കേതിക സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും വാർഷിക പരിപാലന ചെലവ് എന്നിവയ്ക്കുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 4.5670 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-25- സൈബർ കുറ്റാന്വേഷണ സാങ്കേതികവിദ്യയുടെ നിലവാരം ഉയർത്തൽ

എസ്.എ.പി. ബറ്റാലിയൻ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പോലീസ് ടെക്നോളജി സെന്റർ പൂർണ്ണരീതിയിൽ പ്രവർത്തനസജ്ജമാക്കുന്നതിനും സൈബർ ട്രെയിനിംഗ് നൽകുന്നതിന് എല്ലാ റേഞ്ചുകളിലും ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനും നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20.0150 കോടി രൂപ

ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-28-ഗതാഗത സൗകര്യത്തിനുള്ള പദ്ധതി

കേന്ദ്രസർക്കാരിന്റെ പുതിയ സ്ക്രാപ്പ് പോളിസി പ്രകാരം 15 കൊല്ലം കഴിഞ്ഞ സർക്കാർ വാഹനങ്ങൾ RVSF മുഖാന്തിരം സ്ക്രാപ്പ് ചെയ്യേണ്ടതിനാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ 28.5375 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-29- ജനക്കൂട്ടത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള പദ്ധതി

ക്രൌഡ് മാനേജ്മെന്റിന് ആവശ്യമായ ബാരിക്കേഡ്, ഹെൽമറ്റ്, ഫൈബർഷീൽഡ് എന്നിവ വാങ്ങുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-33- കൺട്രോൾ റൂമുകൾക്ക് ജില്ലകളിലെ ഫലപ്രദമായ നിരീക്ഷണത്തിനുള്ള ലോജിസ്റ്റിക്കൽ സപ്പോർട്ട് പദ്ധതി

ERSS കോംപ്രിഹെൻസീവ് ഇൻഡക്ഷൻ ട്രെയിനിംഗ്, ERSS ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രേഡേഷൻ, വുമൺ ഫെസിലിറ്റിസെന്റർ എന്നീ ഓഫീസുകളിൽ ബേസിക് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 4.65 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-40-പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നടപ്പിലാക്കൽ

നിർമ്മിത ബുദ്ധിയുടെ മേഖലയിലെ കാര്യക്ഷമമായ സേവന വിതരണത്തിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.25 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-43- കേരള ആന്റി ടെറർ സ്ക്വാഡും (കെ.എ.ടി.എസ്) ആന്റി ടെററിസ്റ്റ് സ്ക്വാഡും

സമൂഹത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി തീവ്രവാദ വിരുദ്ധ സ്ക്വാഡിന്റെ പ്രവർത്തനങ്ങൽ ശക്തിപ്പെടുത്താൻ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 16.85 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-45-കേരള പോലീസിൽ ഡാറ്റാ സെന്റർ സ്ഥാപിക്കൽ

തിനേത്ര SOC കൗഡ് ചാർജസ്, സെക്യൂരിറ്റി ഓഡിറ്റ് & പാച്ചിംഗ് ഓഫ് ആപ്ലിക്കേഷൻ/ വെബ്സൈറ്റ് എന്നീ പ്രവർത്തനങ്ങൾക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-46- എ.എൻ.പി.ആർ. ക്യാമറകളുടെ ഇൻസ്റ്റലേഷൻ

ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനും പിഴ ഈടാക്കുന്നതിനും സംസ്ഥാനത്തെ ജില്ലാതിർത്തികളിലും ലാന്റിംഗ് പോയിന്റുകളിലും കൂടുതൽ ANPR ക്യാമറകൾ സ്ഥാപിക്കേണ്ടതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.3307 കോടി

രൂപ ഉപധനാഭ്യർത്ഥന/ ധനപൂനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-48- സായുധപോലീസ് ബറ്റാലിയനുകൾക്കുള്ള പരിശീലനം- അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും

സംസ്ഥാനത്തെ മുഴുവൻ ബറ്റാലിയനുകളിലും KEPA, PTC എന്നീ ഓഫീസുകളിലും ട്രെയിനിംഗ് സംബന്ധമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 47.20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപൂനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-49- സൈബർ ഡോം - സൈബർ സെക്യൂരിറ്റി ആന്റ് പ്രിവൻഷൻ സെന്റർ, സിഡിസി എന്നിവയുടെ സജ്ജീകരണം

സൈബർ കുറ്റകൃത്യങ്ങൽ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനുമായി നൂനത സാങ്കേതികവിദ്യകളും അത്യാധുനിക സോഫ്റ്റ്വെയറുകളും വാങ്ങുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 11.08 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപൂനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-51- ക്രൈംബ്രാഞ്ചിന്റെ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ

ക്രൈംബ്രാഞ്ച് ഹെഡ്ക്വാട്ടേഴ്സ് ഓഫീസ്, ഹൈടെക് സെൽ എന്നീ ഓഫീസുകൾക്ക് ഓഫീസിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 66.54 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപൂനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-52- പോലീസ് ഡിഷാർട്ട്മെന്റിൽ ഇൻസ്റ്റാൾ ചെയ്ത ഹാർഡ്വെയറുകളുടെ വാർഷിക മെയിന്റനൻസ് കരാർ

പോലീസ് വകുപ്പിലെ നിലവിലുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത നിലനിർത്തുന്നതിനായി വാർഷിക പരിപാലനത്തിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-53- സാമ്പത്തിക കുറ്റകൃത്യ അന്വേഷണ വിഭാഗത്തിന്റെ രൂപീകരണം

സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി രൂപീകൃതമായ എക്കണോമിക് ഒഫൻസസ് വിംഗിന്റെ പ്രവർത്തനങ്ങൾക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 4.81 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-54- ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റത്തിനായുള്ള സ്കീം

SMS കോസ്റ്റ്, സെക്യൂരിറ്റി ഓഡിറ്റ്, Megraj പെയ്മെന്റ് എന്നിങ്ങനെ വർഷംതോറുമുള്ള ലൈസൻസ് പുതുക്കലിനും മറ്റ് പെയ്മെന്റുകൾക്കുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4.3450 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98-56- യോധാവ്- ജില്ലകളിലെ നർക്കോട്ടിക് സെല്ലുകൾ ശക്തിപ്പെടുത്തൽ

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം , വ്യാപനം എന്നിവ തടയുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20

ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-96- <u>സുപ്രധാന സ്ഥാപനങ്ങളുടെ സുരക്ഷ</u>

ശബരിമല തീർത്ഥാടനകേന്ദ്രം, മുല്ലപ്പെരിയാർ ഡാം, ശ്രീ പത്മനാഭസ്വാമിക്ഷേത്രം എന്നീ തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.82 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-116-99- <u>ഫോറൻസിക് സയൻസ്</u>

ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മരാമത്ത് പണികൾ, സംരക്ഷണം എന്നിവക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

01-ശമ്പളം-4-മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ്	2.20 ലക്ഷം രൂപ
04-യാത്രാ ചെലവുകൾ - 1 - യാത്രാബത്ത	1.65 ലക്ഷം രൂപ
04-യാത്രാ ചെലവുകൾ - 2 - സ്ഥലമാറ്റബത്ത	51,000 രൂപ
05-ഓഫീസ് ചെലവുകൾ -1- വെള്ളക്കരം	1.16 ലക്ഷം രൂപ
05-ഓഫീസ് ചെലവുകൾ -3- ടെലിഫോൺ ചെലവ്	21,000 രൂപ
05-ഓഫീസ് ചെലവുകൾ -4- മറ്റിനങ്ങൾ	1.59 ലക്ഷം രൂപ
17-ചെറുകിട മരാമത്ത് പണികൾ	10 ലക്ഷം രൂപ

18-സംരക്ഷണം	60 ലക്ഷം രൂപ
19-യന്ത്രോപകരണങ്ങൾ	15 ലക്ഷം രൂപ
21-മോട്ടോർ വാഹനങ്ങൾ -2- സംരക്ഷണവും അറ്റകുറ്റപണികളും	45,000 രൂപ
21-മോട്ടോർ വാഹനങ്ങൾ -3-ഇൻഷ്വറൻസ്	1000 രൂപ
34-മറ്റു ചെലവുകൾ -3- മറ്റിനം	28,000 രൂപ

2055-00-117-96- <u>സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്</u>

സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിലെ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, വാടക, കരം, നികുതി, സംരക്ഷണം, ഇന്ധന ചെലവ് എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ താഴെചേർത്തിട്ടുള്ള കണക്കിനങ്ങളിൽ തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

01-ശമ്പളം-4-മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ്	4.40 ലക്ഷം രൂപ
04-യാത്രാ ചെലവുകൾ - 1 - യാത്രാബത്ത	33.70 ലക്ഷം രൂപ
04-യാത്രാ ചെലവുകൾ - 2 - സ്ഥലമാറ്റബത്ത	3.44 ലക്ഷം രൂപ
05-ഓഫീസ് ചെലവുകൾ -1- വെള്ളക്കരം	9.98 ലക്ഷം രൂപ
05-ഓഫീസ് ചെലവുകൾ -2- വൈദ്യുതി ചെലവ്	9.87 ലക്ഷം രൂപ
05-ഓഫീസ് ചെലവുകൾ -3- ടെലിഫോൺ ചെലവ്	39,000 രൂപ
05-ഓഫീസ് ചെലവുകൾ -4- മറ്റിനങ്ങൾ	9.47 ലക്ഷം രൂപ
06-വാടക, കരം, നികുതി	90,000 രൂപ
17-ചെറുകിട മരാമത്ത് പണികൾ	10 ലക്ഷം രൂപ
18-സംരക്ഷണം	9.90 ലക്ഷം രൂപ

21-മോട്ടോർ വാഹനങ്ങൾ -2- സംരക്ഷണവും അറ്റകുറ്റപണികളും	19.66 ലക്ഷം രൂപ
21-മോട്ടോർ വാഹനങ്ങൾ -3-ഇൻഷ്വറൻസ്	6.50 ലക്ഷം രൂപ
34-മറ്റു ചെലവുകൾ -3- മറ്റിനം	13.90 ലക്ഷം രൂപ
45-പി.ഒ.എൽ	32 ലക്ഷം രൂപ
99-വിവരസാങ്കേതിക വിദ്യ	9 ലക്ഷം രൂപ

4055-00-207-92- പോലീസ് വകുപ്പ് നവീകരിക്കുന്നത്

പോലീസ് വകുപ്പിൽ നിലവിൽ വിവിധ ഓഫീസുകളിലായി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതിനാൽ പ്രസ്തുത പ്രവൃത്തികൾക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 49.55 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4055-00-207-87- മെച്ചപ്പെട്ട ട്രാഫിക് മാനേജ്മെന്റും അപകടങ്ങൾ കുറയ്ക്കലും

ട്രാഫിക് മോണിറ്ററിങ്ങിനും ചെക്കിങ്ങിനും ആൽക്കോമീറ്റർ, സൗണ്ട് ലെവൽ മീറ്റർ, സ്പീഡ് ഡിറ്റക്ഷൻ മീറ്റർ തുടങ്ങിയവ വാങ്ങുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4.62 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4055-00-207-86- PHQ, ADGP, L&O ഓഫീസുകളിലേക്കുള്ള ലോജിസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ സ്കീം

PHQ, ADGP, L&O ഓഫീസ്, രണ്ട് സോണൽ ഓഫീസ്, നാല് റേഞ്ച് ഓഫീസ് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പിയർ, പോലീസ് ആസ്ഥാനത്ത് CCTV ഇൻസ്റ്റാൾ ചെയ്യുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ

പദ്ധതിയിനത്തിൽ 1.9863 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4055-00-207-85- <u>സബ് ഡിവിഷൻ ഓഫീസുകളെ സ്മാർട്ട് സ്റ്റാൻഡേർഡുകളിലേക്ക് ഉയർത്തൽ</u>

സംസ്ഥാനത്തെ മൊത്തം സബ് ഡിവിഷണൽ/DYSP ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്മാർട്ട് ആക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 10.95 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-103-99-<u>കേരള ലോകായുക്ത, 1998</u>

ബഹു. ലോകായുക്ത, ഉപലോകായുക്തമാർ, ക്യാമ്പിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ യാത്രാബത്ത നൽകുന്നതിനായി 04-1-യാത്രാബത്തയിനത്തിൽ 3.50 ലക്ഷം രൂപയും പുതിയതായി ചാർജ്ജെടുക്കുന്ന ഉപലോകായുക്തമാരുടെ ഓഫീസ്/ഹൗസ് ഫർണിഷിംഗ് എന്നിവയ്ക്കായി 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നതിൽ 6 ലക്ഷം രൂപയും ബഹു. ഉപലോകായുക്തക്ക് അനുവദിച്ചിട്ടുള്ള വാഹനം കാലപ്പഴക്കമേറിയതിനാൽ കാർ വാങ്ങുന്നതിലേക്കായി 21-1-വാഹനം വാങ്ങൽ എന്ന ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-104-99-<u>വിജിലൻസ്</u>

2026-27 സാമ്പത്തിക വർഷം വിജിലൻസ് വകുപ്പിന് താഴെ സൂചിപ്പിച്ചിട്ടുള്ള കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി

മനസ്സിലാക്കുന്നതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

04-2-സ്ഥലമാറ്റബത്ത	3 ലക്ഷം രൂപ
04-4-അവധിയാത്രാനുകൂല്യം	5 ലക്ഷം രൂപ
05-1-വെള്ളക്കരം	3 ലക്ഷം രൂപ
05-2-വൈദ്യുതി ചെലവ്	5 ലക്ഷം രൂപ
05-4-മറ്റിനങ്ങൾ	10 ലക്ഷം രൂപ
06-വാടക, കരം, നികുതി	20 ലക്ഷം രൂപ
15-രഹസ്യസേവന ചെലവുകൾ	5 ലക്ഷം രൂപ
17-ചെറുകിട മരാമത്ത് പണികൾ	50,000 രൂപ
21-2-സംരക്ഷണവും അറ്റകുറ്റപ്പണികളുംശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.	20 ലക്ഷം രൂപ
21-3-ഇൻഷ്വറൻസ്	10 ലക്ഷം രൂപ
28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ	5 ലക്ഷം രൂപ
34-3-മറ്റു ചെലവുകൾ-മറ്റിനം	3 ലക്ഷം രൂപ
45-പി.ഒ.എൽ.	20 ലക്ഷം രൂപ
59-സമ്മാനങ്ങളും അവാർഡുകളും	10,000 രൂപ

2062-00-105-99-<u>വിജിലൻസ് ട്രൈബ്യൂണൽ</u>

മുൻവർഷങ്ങളിൽ തീർപ്പാക്കാൻ കഴിയാത്ത യാത്രാബില്ലുകൾ നൽകുന്നതിന് 04-1-യാത്രാബത്ത ശീർഷകത്തിൽ 30,000 രൂപയും വകുപ്പിൽ നിന്ന് വിരമിച്ച വിജിലൻസ് ട്രൈബ്യൂണലിന്റെ മെഡിക്കൽ റീ -ഇംബേഴ്സ്മെന്റിന് 01-4 ശീർഷകത്തിൽ 1.19 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.49 ലക്ഷം രൂപ അധികമായി

ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-98-അഡീഷണൽ വിജിലൻസ് ട്രൈബ്യൂണൽ (കോഴിക്കോട്)

2026-27 സാമ്പത്തിക വർഷത്തിൽ യാത്രാചെലവ് , ഓഫീസ് ചെലവ്, പി.ഒ.എൽ, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിലായി ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന / ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04- യാത്രാചെലവ്	75,000 രൂപ
05- ഓഫീസ്ചെലവ് - 4 - മറ്റിനങ്ങൾ	75,000 രൂപ
45- പി.ഒ.എൽ	90,000 രൂപ
99- വിവരസാങ്കേതികവിദ്യ	50,000 രൂപ

2062-00-105-97-എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

ജഡ്ജിന്റെ മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് അടച്ചു തീർക്കുന്നതിനും കോടതി സാക്ഷികളുടെ ബത്ത , പൊതു ശുചിമുറി നവീകരിക്കൽ ഡിജിറ്റിലൈസേഷന്റെ ഭാഗമായി വന്ന ചെലവുകൾ എന്നിവയ്ക്കും നിലവിലെ വിഹിതം അപര്യാപ്തമായ തിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിലായി ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപൂന:വിനിയോഗം വഴി വകയിരുത്തണ മെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

01-4 – മെഡിക്കൽ റീഇംപേഴ്സ്മെന്റ്	4 ലക്ഷം രൂപ
05-4 - മറ്റിനങ്ങൾ	2 ലക്ഷം രൂപ

67- പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ	50,000 രൂപ
99- വിവരസാങ്കേതികവിദ്യ	2 ലക്ഷം രൂപ

2062-00-105-95- <u>എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജി, കോഴിക്കോട്</u>

കോടതി പ്രവർത്തനങ്ങൾ പൂർണ്ണമായും ഐ.ടി. അധിഷ്ഠിതമായതിനാൽ വർദ്ധിച്ചുവരുന്ന ഓഫീസ് ചെലവുകൾക്കായി 05-ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 1.15 ലക്ഷം രൂപയും വാടകയിനത്തിൽ അധിക തുക ആവശ്യമായതിനാൽ 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 7.30 ലക്ഷം രൂപയും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 99- വിവരസാങ്കേതിക വിദ്യ എന്ന ഇനത്തിൽ 5 ലക്ഷം രൂപ ഉൾപ്പെടെ ആകെ 13.45 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-94- <u>എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം</u>

ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 5 ലക്ഷം രൂപയും വർഷംതോറു കുറഞ്ഞത് 24 ക്യാമ്പ് സിറ്റിംഗ് ഉണ്ടാക്കുന്നതിനാൽ 04-1-യാത്രാബത്ത ഇനത്തിൽ 10,000 രൂപയും വകുപ്പിലെ നാല് ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി 04-4-അവധിയാത്രാനുകൂല്യം ഇനത്തിൽ 25,000 രൂപയും 05-3 ടെലിഫോൺ ചെലവ് ഇനത്തിൽ 28,000 രൂപയും വാടകയിനത്തിൽ 06-വാടക, കരം, നികുതി ഇനത്തിൽ 1.84 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-90- എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

ഔദ്യോഗിക യാത്രകൾക്കായി വരുന്ന ചെലവിനായി 04-1 ഇനത്തിൽ 60,000 രൂപയും 2023 മുതലുള്ള സാക്ഷിബാറ്റ നൽകുന്നതിന് 05-4- മറ്റിനങ്ങൾ ശീർഷകത്തിൽ 50,000 രൂപയും ഉൾപ്പെടെ ആകെ 1.1 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-89- എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി

ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടക കൂടിശ്ശിക നൽകുന്നതിനായി 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 3.37 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-88- വിജിലൻസ് കോടതിയിൽ ഇ -കോർട്ട് സേവനങ്ങൾ നടപ്പാക്കൽ

ഡിജിറ്റൈസേഷൻ പൂർത്തിയാക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം DCMS സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് സംസ്ഥാനത്തെ 7 വിജിലൻസ് കോടതികൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.35 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-87- എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജി, കൊല്ലം

എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജി , കൊല്ലം എന്ന ശീർഷകത്തിലെ ജീവനക്കാരുടെ താഴെപ്പറയുന്ന ഇനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-യാത്രാ ചെലവുകൾ - 1 – യാത്രാബത്ത	50,000 രൂപ
04-യാത്രാ ചെലവുകൾ - 2 – സ്ഥലമാറ്റബത്ത	10,000 രൂപ
04-യാത്രാചെലവുകൾ -4-അവധിയാത്രാനുകൂല്യം	25,000 രൂപ
05-ഓഫീസ് ചെലവുകൾ -4- മറ്റിനങ്ങൾ	14.31 ലക്ഷം രൂപ
06-വാടക, കരം, നികുതി	6 ലക്ഷം രൂപ
21-മോട്ടോർ വാഹനങ്ങൾ -2- സംരക്ഷണവും അറ്റകുറ്റപണികളും	10 ലക്ഷം രൂപ
45-പി.ഒ.എൽ	50,000 രൂപ
99-വിവരസാങ്കേതികവിദ്യ	30,000 രൂപ

ധനാഭ്യർത്ഥന നമ്പർ XIII

ജയിലുകൾ

2056-00-001-98-ജയിലുകളുടെ നവീകരണം

05-3-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

സംസ്ഥാനത്തെ ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് സ്ഥാപിച്ചിട്ടുള്ള വീഡിയോകോൺഫറൻസിംഗ് സംവിധാനത്തിന് 2 mbps ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകുന്ന ബി.എസ്.എൻ.എൽ.-ന് കരാർ പ്രകാരം കണക്ടിവിറ്റി ചാർജ്ജ് ത്രൈമാസ വ്യവസ്ഥയിൽ പോസ്റ്റ് പെയ്ഡ് ആയി അനുവദിക്കുന്നതിനും 2026 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക്

കണക്ടിവിറ്റി Annual Recurring Charge നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 66.50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-001-98-ജയിലുകളുടെ നവീകരണം

17-ചെറുകിടമരാമത്ത് പണികൾ

വിവിധ ജയിലുകളിലെ കാലപ്പഴക്കം വന്ന കെട്ടിടങ്ങളുടെ റിപ്പയർ പ്രവൃത്തികൾ, ഡ്രയിനേജ് നവീകരണ പ്രവൃത്തികൾ, വിവിധ ബ്ലോക്കുകളുടെ അറ്റകുറ്റപ്പണികൾ എന്നീ ചെലവുകളിലേക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-001-90-സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ
02-വേതനം -5 - ദിവസ വേതനം

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദക്ഷിണമേഖല ഡി .ഐ.ജി. ഓഫീസ് & സിക്ക കാര്യാലയത്തിൽ നിയമിച്ചിട്ടുള്ള ദിവസവേതന ജീവനക്കാർക്ക് വേതനം അനുവദിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-001-90-സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ

28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർക്കുള്ള അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ഫാക്കൽറ്റികൾക്ക് ഓണറേറിയം അനുവദിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2.5 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-101-99-ജയിലുകൾ

05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം കൂടുതലായതിനാൽ വാട്ടർ ചാർജ്ജ് ബില്ലുകൾ കുടിശ്ശിക വരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-101-99-ജയിലുകൾ

21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ജയിലുകളിലെ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-101-99-ജയിലുകൾ

28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

സംസ്ഥാനതല ജയിൽ ഉപദേശക സമിതി ചെയർമാനും മറ്റ് അനൗദ്യോഗിക അംഗങ്ങൾക്കും സിറ്റിംഗ് ഫീസ്, റ്റി.എ., ഡി.എ. മറ്റ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-101-99-ജയിലുകൾ
34-3-മറ്റുചെലവുകൾ-മറ്റിനം

തടവുകാരുടെ വേതനം, ചികിത്സാചെലവ്, കോടതികളിൽ ഹാജരാക്കുന്നതിന് വേണ്ടി വരുന്ന ബാറ്റ, ബാർബർ ചാർജ്ജസ്, തടവുകാർ ജയിൽ മോചിതരാകുന്ന മുറയ്ക്ക് നൽകേണ്ട വേതനം എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-101-99-ജയിലുകൾ
45-പി.ഒ.എൽ

ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധനചെലവ് നിർവ്വഹിക്കുവാൻ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-101-99 -ജയിലുകൾ

56-ഭക്ഷണവും ധനസഹായവും

ഭക്ഷ്യസാധനങ്ങളുടെയും, മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിച്ചുവരുന്ന സാഹചര്യവും ഭക്ഷ്യസാധനങ്ങളും , നിത്യോപയോഗ സാധനങ്ങളും ജയിലുകളിൽ വാങ്ങിയ ഇനത്തിൽ ത്രിവേണി , സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ - XVIII

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

2210-06-107-97-കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം

വെള്ളക്കരം ഇനത്തിൽ അനുവദിച്ച വിഹിതം അപര്യാപതമായതിനാൽ ഈ ശീർഷകത്തിൽ 1.95 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-97-കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

05-3-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ടെലഫോൺ ചാർജ്ജിനത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.12 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XLI

ഗതാഗതം

5075-60-800 -61- ഗ്രീൻ ഫീൽഡ് എയർപോർട്ട്, ശബരിമല

ഗ്രീൻഫീൽഡ് എയർപോർട്ടിനായി ഭൂമി ഏറ്റെടുക്കുന്നതിലേക്കുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഉൾപ്പെടെയുള്ള പ്രാരംഭചെലവുകൾ, KSEB, KWA മുതലായ യൂട്ടിലിറ്റി ഏജൻസികൾക്ക് നൽകേണ്ട ഡെപ്പോസിറ്റ്, പദ്ധതിയുടെ DPR കൺസൾട്ടന്റിനും EIA കൺസൾട്ടന്റിനും നൽകേണ്ടതായ ഫീസ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയവുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 173.66 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തുവാൻ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

7053-02-190 -99- തിരുവനന്തപുരം എയർപോർട്ട് ഡവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് ഭരണാനുമതി ലഭ്യമായതിൽ ശേഷിക്കുന്ന തുക 2026-27 സാമ്പത്തിക വർഷം നൽകേണ്ടതിനാലും വിവിധ എൽ.എ.ആർ. കേസുകളിൽ തുക കെട്ടിവയ്ക്കാനുള്ളതുകൊണ്ടും മേൽ ശീർഷകത്തിൽ 2.3304 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 3.30 ന് പിരിഞ്ഞു)

16.02.2026 ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2026 ഫെബ്രുവരി മാസം 16-ാം തീയതി തിങ്കളാഴ്ച്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുമായ ശ്രീ. പി. രാജീവും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. ടി. പി. രാമകൃഷ്ണൻ
4. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
5. ശ്രീ. തോമസ് കെ. തോമസ് (വീഡിയോ കോൺഫറൻസിങ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി വി. ആർ. രജനി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ശ്രീ. കെ. ജി. സനൽകുമാർ, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. സുഭാഷ് ടി. വി., സ്പെഷ്യൽ സെക്രട്ടറി, വിവര പൊതുജന സമ്പർക്ക വകുപ്പ്
4. ശ്രീ. അമീർ സി. എ., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പ്രിന്റിങ്ങ്
5. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
7. ശ്രീമതി ലീന എ., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
8. ശ്രീ. രാജേഷ് കുമാർ എം., അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ്
9. ശ്രീ. ഇ. ബൈജു, രജിസ്ട്രാർ, കേരള ലോകായുക്ത
10. ശ്രീ. രജികുമാർ ആർ., ജോയിന്റ് സെക്രട്ടറി, പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്
11. ശ്രീ. സജ്ജകുമാർ എൻ., കൺട്രോളർ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ്
12. ശ്രീ. സക്കറിയ മാത്യു, ഡെപ്യൂട്ടി രജിസ്ട്രാർ, കേരള ലോകായുക്ത

സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കിയ കരട് ചട്ടങ്ങൾ, ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ (2025-26) ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, 2024-25 ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച

കാലതാമസ പത്രികകൾ, 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. **കരട് ചട്ടങ്ങൾ**

1. The Kerala Statistics and Economics Subordinate Service (Amendment) Special Rules, 2025

(KLS/8428/2025-SubC D2)

(സർക്കാർ കത്ത് നം. PLGEA -B3/15/2023, തീയതി 15-09-2025)

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-16)യുടെ 23-ാമത് റിപ്പോർട്ടിലെ 56-61, 66 എന്നീ ഖണ്ഡികകളിലെ ശിപാർശകളുടെയും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 2009-ലെ കേരള സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനായി തയ്യാറാക്കിയ The Kerala Statistics and Economics Subordinate Service (Amendment) Special Rules, 2025, നിയമം, ഉദ്യോഗസ്ഥ-ഭരണപരിഷ്കാരം എന്നീ വകുപ്പുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർന്ന് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടുകയും ചെയ്തിരുന്നുവെന്നും ടി വകുപ്പുകളും കമ്മീഷനും നിർദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് ഭേദഗതി ചട്ടമാണ് സമിതിയുടെ പരിഗണനയ്ക്കായിസമർപ്പിച്ചിരിക്കുന്നതെന്നും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കരട് ചട്ടം സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2025' എന്നതിനുപകരം '2026' എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു..

2. The Kerala Last Grade Service (Amendment) Rules, 2025

(KLS/9010/2025 -SubC D2)
(സർക്കാർ കത്ത് നം.റൂൾസ്-2/1/2022-പി.&എ.ആർ.ഡി., തീയതി 27.10.2025)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1, ടെയ്ലർ, ഇലക്ട്രിക്കൽ ലാസ്കർ , ഹെൽപ്പർ എന്നീ തസ്തികകൾ കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിലേക്കായി നിയമനരീതി, നിയമനാധികാരി, യോഗ്യത എന്നിവ സഹിതം ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 1, 4, 5, 8 എന്നിവയിൽ ഭേദഗതി വരുത്തുന്നതിനാണ് The Kerala Last Grade Service (Amendment) Rules, 2025 തയ്യാറാക്കിയിരിക്കുന്നതെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കരട് ചട്ടം സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ ' 2025' എന്നതിനുപകരം '2026' എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

3. The Special Rules for various Technical posts in the State Forensic Science Laboratory (Amendment), 2025

(KLS/9017/2025-SubC D2)
(സർക്കാർ കത്ത് നം. കെ2/262/2023-ആഭ്യന്തരം, തീയതി 11-11-2025)

സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ "സയന്റിഫിക് അസിസ്റ്റന്റ്" തസ്തിക 12.02.2016-ലെ സ .ഉ.(കൈ) 48/2016/ആഭ്യന്തരം പ്രകാരം "സയന്റിഫിക് ഓഫീസർ" ആയി പുനർനാമകരണം ചെയ്യുകയും ലബോറട്ടറിയിൽ

അസിസ്റ്റന്റ് ഡയറക്ടർ (എക്സ്പ്ലോസീവ്), അസിസ്റ്റന്റ് ഡയറക്ടർ (ഡി.എൻ.എ.), അസിസ്റ്റന്റ് ഡയറക്ടർ (മോളിക്കലർ ബയോളജി) എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തിരുന്നുവെന്നും അതോടൊപ്പം വിവിധ തസ്തികകൾക്ക് അധിക വിദ്യാഭ്യാസ യോഗ്യതകൾ കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനായി സംസ്ഥാന പോലീസ് മേധാവി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും അതിൻപ്രകാരമാണ് The Special Rules for various Technical posts in the State Forensic Science Laboratory (Amendment), 2025 തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നതെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു. പ്രസ്തുത കരട് ചട്ടം സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2025' എന്നതിനുപകരം '2026' എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

4. The Kerala Last Grade Service (Amendment) Rules, 2025

(KLS/42/2026-SubC D2)

(സർക്കാർ കത്ത് നം. റൂൾസ്-2/222/2023-പി.& എ.ആർ.ഡി., തീയതി 15-12-2025)

കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 1 കാറ്റഗറി 8-ൽ ഉൾപ്പെട്ട ജൂഡീഷ്യറി വകുപ്പിലെ പ്രോസസ് സർവർ തസ്തികയും പ്രസ്തുത ചട്ടങ്ങളിലെ കാറ്റഗറി 1(b)-യിൽ ഉൾപ്പെട്ട Duffadar, Court Keeper എന്നീ തസ്തികകളും സമാന തസ്തികകളായിരുന്നുവെന്നും ഷെട്ടി കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രോസസ് സർവർ തസ്തികയുടെ ശമ്പള സ്കെയിൽ ഉയർത്തിയതിനെത്തുടർന്ന് Duffadar, Court Keeper എന്നീ തസ്തികകൾ പ്രോസസ് സർവർ തസ്തികയേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ള തസ്തികകളായി മാറിയ സാഹചര്യത്തിൽ പ്രോസസ് സർവർ തസ്തികയുടെ നിയമനരീതിയിൽ മാറ്റം വരുത്തുന്നതിലേക്കായി കേരള ലാസ്റ്റ്

ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 5(a)-യിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനാണ് The Kerala Last Grade Service (Amendment) Rules, 2025 തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നതെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ ' 2025' എന്നതിനുപകരം '2026' എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

5. The Kerala State and Subordinate Services (.....Amendment) Rules, 2025 (KS&SSR Part I Schedule list III ഭേദഗതി സംബന്ധിച്ച്)

(KLS/41/2026-SubC D2)

(സർക്കാർ കത്ത് നം.റൂൾസ്-1/94/2025-പി.&എ.ആർ.ഡി., തീയതി 27-12-2025)

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അനുസരിച്ച് 1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട്-1, ഷെഡ്യൂൾ ലിസ്റ്റ്-III പ്രകാരമുള്ള സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമനമ്പർ 19 ആയ 'ഗണിക' (Ganika) എന്നതിനുപകരം 'ഗണിക/ഗാണിഗ' (Ganika/Ganiga) എന്നാക്കി മാറ്റി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി തയ്യാറാക്കിയ The Kerala State and Subordinate Services (Amendment) Rules, 2025 സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നുവെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി. പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2025' എന്നതിനുപകരം '2026' എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

6. The Kerala State and Subordinate Services (.....Amendment) Rules, 2026

(KLS/208/2026-SubC D2)

(സർക്കാർ കത്ത് നം. റൂൾസ്-2/70/2022-പി.&എ.ആർ.ഡി., തീയതി 03-01-2026)

നോർക്ക വകുപ്പിന്റെ നിർദേശം പരിഗണിച്ച്, പി.എസ്.സി. മുഖേന നിയമനം നടത്തുന്ന തസ്തികകളിൽ തൊഴിൽ പരിചയം നിർബന്ധമാക്കിയിട്ടുള്ളവയ്ക്ക് വിദേശത്തെ തൊഴിൽ പരിചയംകൂടി പരിഗണിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചിരുന്നുവെന്നും വിദേശത്ത് തൊഴിൽ പരിചയം ആർജിച്ച് നാട്ടിലേക്ക് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സർക്കാർ മേഖലയിലെ നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതോടൊപ്പം വിദേശ തൊഴിൽപരിചയം നേടിയ വിദഗ്ധരുടെ സേവനം സർക്കാർ മേഖലയിൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും സഹായകരമാകുമെന്ന് സർക്കാർ നിരീക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്ന, തൊഴിൽപരിചയം നിർബന്ധമാക്കിയിട്ടുള്ള തസ്തികകളിൽ വിദേശത്തുള്ള തൊഴിൽ പരിചയംകൂടി പരിഗണിക്കുന്നതിനുള്ള വ്യവസ്ഥഉൾപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II-ലെ 10(ab) ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയും അതനുസരിച്ച് തയ്യാറാക്കിയ കരട് ഭേദഗതി വിജ്ഞാപനമാണ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. വിദേശരാജ്യങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതുമായി യോജിക്കു ന്നതാണോ ചട്ടത്തിലെ വ്യവസ്ഥകൾ എന്ന് പരിശോധിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് ആഭ്യന്തര

വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചപ്പോൾ കരട് ഭേദഗതി ചട്ടത്തിൽ "Provided further that the Experience certificate obtained from an employer abroad shall be attested/apostilled by a designated signatory of the Indian Embassy/High Commission/Consulate or the Accredited Indian Mission of the country concerned" എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു . ഇക്കാര്യങ്ങൾ സമിതി വിശദമായി പരിശോധിക്കുകയും വിദേശരാജ്യങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതുകൂടി പരിശോധിച്ച് അതിനനുസൃതമായ വ്യവസ്ഥകൾ പരസ്പര വൈരുദ്ധ്യം ഉണ്ടാകാത്ത വിധത്തിൽ പരിഷ്കരിച്ച കരട് ചട്ടം ലഭ്യമാക്കാൻ സമിതി വകുപ്പിനോട് നിർദ്ദേശിച്ചു.

7. The Kerala Service (..... Amendment) Rules 2025

(KLS/553/2026-Subc D2)

(സർക്കാർ കത്ത് നം. റൂൾസ്-ബി1/53/2024-ധന, തീയതി 21-01-2026)

31-07-2024-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സർവീസ് ചട്ടങ്ങൾ ഭാഗം ഒന്നിൽ ഉപയോഗിച്ചിരിക്കുന്ന 'Physically Handicapped', 'Physically or mentally challenged', 'Disabled' എന്നീ പദങ്ങൾക്ക് പകരം 'Differently Abled (DA)' എന്ന് ഉപയോഗിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിന് നിയമസാധുത നൽകുന്നതിനായി കെ.എസ്.ആർ. ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 16, 16A, 20, കെ.എസ്.ആർ. ഭാഗം I, Form No. 15, Part B Personal Details എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി

സമർപ്പിച്ചിട്ടുള്ളതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2025' എന്നതിനുപകരം '2026' എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

8. 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ലോകായുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ചട്ടങ്ങളിലെ ഇംഗ്ലീഷ് പരിഭാഷയിന്മേലുള്ള തിരുത്തൽ വിജ്ഞാപനം

(KLS/737/2026-Subc D2)

(സർക്കാർ കത്ത് നം. വിജി-സി3/263/2017-വി.ജി തീയതി 16-01-2026)

പ്രസ്തുത തിരുത്തൽ വിജ്ഞാപനം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

9. The Kerala Lok Ayukta (Appointment and other conditions of Service of Officers and Employees) Rules, 2025

(KLS/761/2026-SubC D2)

(സർക്കാർ കത്ത് നം. വിജി -സി3/136/2023-വി.ജി തീയതി 04-02-2026)

ലോകായുക്തയുടെയും ഉപലോകായുക്തയുടെയും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും സേവനവ്യവസ്ഥകളും സംബന്ധിച്ച സർവ്വീസ് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ചെയ്തു. കേരള ലോകായുക്തയിലെ അന്വേഷണ ഏജൻസിയിലെ ഐ.ജി. മുതൽ സി.പി.ഒ. വരെയുള്ള ഉദ്യോഗസ്ഥരെയും ഹൈക്കോടതിയിലെ പി.എസ്./പി.എ. വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെയും സംബന്ധിച്ച് കരട് ചട്ടത്തിൽ പരാമർശിച്ചിട്ടില്ലെന്നും നിലവിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെ അബ്സോർബ് ചെയ്യാനുള്ള വ്യവസ്ഥ കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാല് വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചുവരുന്ന ഉദ്യോഗസ്ഥരെ മാത്രമേ

അബ്സോർബ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നാണ് നിഷ്കർഷിച്ചിരിക്കുന്നതെന്നും അത്തരത്തിൽ നാല് വർഷം തുടർച്ചയായി സേവനം പൂർത്തിയാക്കിയ ജീവനക്കരില്ലാത്തതിനാൽ ആരേയും അബ്സോർബ് ചെയ്യാൻ കഴിയാത്ത സാഹചര്യമാണെന്നും കേരള ലോകായുക്ത രജിസ്ട്രാർ സമിതിയെ ധരിപ്പിച്ചു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സ്പെഷ്യൽ റൂൾ നടപ്പാക്കിയപ്പോൾ ചട്ടം പ്രാബല്യത്തിൽ വന്ന തീയതിയിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരിൽനിന്ന് സമ്മതപത്രം വാങ്ങി അബ്സോർബ് ചെയ്യാനുള്ള വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിരുന്നതെന്നകാര്യം അദ്ദേഹം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ചട്ടം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നാല് വർഷം സേവനം പൂർത്തിയാക്കിയവർക്ക് മാത്രമാണ് അബ്സോർബ്ഷന് അർഹത ഉണ്ടായിരിക്കുന്നതെന്നാണ് കരട് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും മുമ്പ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നാല് വർഷം സേവനം അനുഷ്ഠിച്ചിരുന്നവരും മാതൃവകുപ്പിലേക്ക് മടങ്ങി പോയവരെയും നിലവിലെ വ്യവസ്ഥ പ്രകാരം പരിഗണിക്കുവാൻ കഴിയില്ലെന്നും ചട്ടത്തിലെ അബ്സോബ്ഷൻ വ്യവസ്ഥയ്ക്ക് മുൻകാല പ്രാബല്യം നൽകുവാൻ കഴിയില്ലെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി വിധികൾ നിലവിലുണ്ടെന്നും ഡെപ്യൂട്ടേഷൻ കാലാവധി അഞ്ച് വർഷം പൂർത്തിയായാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മാതൃവകുപ്പിലേക്ക് മടങ്ങേണ്ടതാണെന്നും തുടർന്ന് വീണ്ടും ഡെപ്യൂട്ടേഷനിൽ എത്തുകയാണെങ്കിൽ അത് പുതിയ ഡെപ്യൂട്ടേഷനായി മാത്രമേ കണക്കാക്കപ്പെടുകയുള്ളുവെന്നും അത്തരം സാഹചര്യത്തിൽ മുൻകാല ഡെപ്യൂട്ടേഷൻ

സേവനം തുടർച്ചയായ സേവനമായി പരിഗണിക്കാനാകില്ലെന്നും അതിനാൽ മുൻ സേവനത്തിന്റെ അടിസ്ഥാനത്തിൽ നാലുവർഷത്തെ ആനുകൂല്യം ആവശ്യപ്പെടാനാകില്ലെന്നും കേരള ലോകായുക്ത രജിസ്ട്രാർ സമിതിയെ ധരിപ്പിച്ചു.

നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നവരിൽ താൽപര്യമുള്ളവരെ സേവനകാലയളവ് പരിഗണിക്കാതെ അബ്സോർബ് ചെയ്യാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കേരള ലോകായുക്ത രജിസ്ട്രാർ അഭിപ്രായപ്പെട്ടപ്പോൾ, ഇക്കാര്യം വിശദമായി ചർച്ച ചെയ്ത് വകുപ്പിന്റെ തീരുമാനം അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും കരട് ചട്ടത്തിന്റെ പരിഗണന മാറ്റി വയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു.

10. The Kerala Service (.... Amendment) Rules, 2026 (കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, അനുബന്ധം VII-ൽ സെക്ഷൻ II - പ്രത്യേക ആകസ്മിക അവധി എന്ന ശീർഷകത്തിന് ചുവടെ ചട്ടം 11-ന് ശേഷം ചട്ടം 11 A കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച്)

(KLS/767/2026-Subc D2)

(സർക്കാർ കത്ത് നം. റൂൾസ്-ബി1/62/2024 -ധന, തീയതി 06-02-2026)

സംസ്ഥാനത്തെ അഗ്നിരക്ഷാ സേവനവകുപ്പിൽ സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരായി രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനത്തിൽ പങ്കെടുക്കുന്ന കാലയളവിലേക്കും ദുരന്തമുഖത്ത് സേവനം അനുഷ്ഠിക്കുന്ന കാലയളവിലേക്കും ബന്ധപ്പെട്ട ജില്ലാ ഫയർ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥനത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവ് നൽകുന്നതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന് നിയമസാധുത ലഭിക്കുന്നതിന് കെ .എസ്.ആർ. പാർട്ട് 1 അനുബന്ധം VII "സെക്ഷൻ II പ്രത്യേക ആകസ്മിക അവധി" എന്ന ശീർഷകത്തിന് ചുവടെ ചട്ടം 11-നുശേഷം 11A കൂട്ടിച്ചേർന്നതിനാണ് The Kerala Service (Amendment)

Rules, 2026 ന്റെ കരട് തയ്യാറാക്കിയിരിക്കുന്നതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി. പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതിക്കൂടാതെ അംഗീകരിക്കുകയും ചെയ്തു.

II. **സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ**

2016-ലെ കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവീസസ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച്.

(ഫയൽ നം. 5718/സബ്.സി.ഡി2/2013/ലെജി.)

(സർക്കാർ കത്ത് നം. എസ്.പി.ഡി.-സി1/80/2023, തീയതി 23-10-2025)

മേൽ വിഷയത്തിൽ പൊതുസംഭരണ ഉപദേശകാര്യ (സി) വകുപ്പ് 23.10.2025 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും സ്പെഷ്യൽ റൂൾ പരിഷ്കരണത്തിലുണ്ടായ കാലതാമസത്തെ തുടർന്ന് കരട് ചട്ടത്തിൽ ഉൾപ്പെടാതെ പോയ കോപ്പി ഹോൾഡർ തസ്തിക ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നതിലേയ്ക്ക് ആയതിന്റെ കരട് പി .&എ.ആർ.ഡി.യുടെ പരിശോധനയ്ക്കുശേഷം ഉത്തരവ് നിയമ വകുപ്പിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്നമുറയ്ക്ക് പി.എസ്.സി.-യുടെ അംഗീകാരത്തോടെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചപ്പോൾ, സമയബന്ധിതമായി നടപടിക്രമം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശം വകുപ്പിന് നൽകുവാൻ സമിതി തീരുമാനിക്കുകയും റിപ്പോർട്ടിലെ ശേഷിക്കുന്ന മറുപടികൾ അംഗീകരിക്കുകയും ചെയ്തു..

III. ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ (2025-26) ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന

1. KLS/5024/2025-SubC D2 തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്

(സർക്കാർ കത്ത് നം. ഇ.എം2/135/2025, തീയതി 02-02-2026)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 50, 54, 55 എന്നിവയിലെ ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച കാലതാമസപത്രികകളുടെ പരിഗണന

2024-25 സാമ്പത്തിക വർഷത്തിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് താഴെപ്പറയുന്ന വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(KLS/3584/2025-Sub.c D2)

1. തദ്ദേശസ്വയംഭരണ (ഇ. എം.) വകുപ്പ്
   (സർക്കാർ കത്ത് നം. ഇ.എം.2/118/2025 തീയതി 09-10-2025)
2. ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി (എ) വകുപ്പ് (ടെക്നോപാർക്ക്)
   (സർക്കാർ കത്ത് നം. ഐ.ടി.എ. 2/82/2025-ഐ.ടി.ഡി. തീയതി 04-11-2025)
3. ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി (എ) വകുപ്പ് (സൈബർ പാർക്ക്, കോഴിക്കോട്)
   (സർക്കാർ കത്ത് നം. ഐ.ടി.എ. 1/79/2025-ഐ.ടി.ഡി. തീയതി 06-11-2025)
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്
   (സർക്കാർ കത്ത് നം. ബി2/9/2025 ഐ&പി.ആർ.ഡി., തീയതി 17-11-2025)

5. നോർക്ക (ബി) വകുപ്പ്
(സർക്കാർ കത്ത് നം. ബി1/79/2025 തീയതി 25-11-2025)

6. ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്
(സർക്കാർ കത്ത് നം. എ 2/21/2025 എസ്&റ്റി.ഡി. തീയതി 28-01-2026)

V. കരട് റിപ്പോർട്ട് പരിഗണന

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം രാവിലെ 11.55-ന് പിരിഞ്ഞു)

23.02.2026-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2026 ഫെബ്രുവരി 23-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 10.35 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണിന്റെ അസാന്നിധ്യത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
4. ശ്രീ. തോമസ് കെ. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ജി. സനൽകുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി ആശ ജി.എസ്., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ഡോ. വി. ബാലകൃഷ്ണൻ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.
4. ശ്രീമതി രഹന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി ബിന്ദു സി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

6. ശ്രീ. സന്തോഷ് കുമാർ എൽ.ടി., അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

7. ശ്രീമതി ലതാകുമാരി എം.ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

സമിതിയുടെ പരിഗണനയ്ക്കായി അയച്ച 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ, 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ, 2006-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ചട്ടങ്ങൾ (കരട്) എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. ബില്ലുകളുടെ പരിഗണന

1. 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ (ബിൽ നം. 292)

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

തത്വപ്രഖ്യാപന വാക്യം

(i) 'എഴുപത്തിയാറാം' എന്ന വാക്കിനുപകരം 'എഴുപത്തിയേഴാം' എന്ന വാക്ക് ചേർക്കാവുന്നതാണ്.

ഖണ്ഡം 1

(ii) (1)-ാം ഉപഖണ്ഡത്തിൽ '2025' എന്നതിനുപകരം '2026' എന്ന് ചേർക്കേണ്ടതാണ്.

ഖണ്ഡം 4

(iii) (3)-ാം ഉപഖണ്ഡത്തിൽ "സമ്മേളനത്തിലായിരിക്കുമ്പോൾ" എന്ന വാക്കിനുശേഷം 'സഭ മുമ്പാകെ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

2. 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നം. 293)

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും തത്വപ്രഖ്യാപനവാക്യത്തിൽ 'എഴുപത്തിയാറാം' എന്ന വാക്കിനുപകരം 'എഴുപത്തിയേഴാം' എന്ന വാക്ക് ചേർക്കേണ്ടതാണ് എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

3. 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നം. 298)

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

Clause 8

The third proviso to Section 16(1) proposed to be inserted in the Principal Act by the first Proviso to clause 8(i)(b) shall be substituted as follows:-

"Provided also that in cases other than death as provided under sub-section (2), the enhanced amount as per sub-section (1) shall be disbursed to a member at an increase of 20% over the benefits currently payable with effect from the date of

commencement of the Kerala Advocates' Welfare Fund (Amendment) Act, 2026, and with a further increase of 20% on each year during the next four succeeding years."

II. കരട് ചട്ടത്തിന്റെ പരിഗണന

2025-ലെ ഏക കിടപ്പാടം ആക്ടിൻമേൽ രൂപീകരിച്ച 2026-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ചട്ടങ്ങളുടെ കരട് സമിതി കാര്യവിവരപട്ടികയ്ക്ക് പുറത്തുള്ള വിഷയമായി പരിഗണിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത ചട്ടം ഖണ്ഡം ഖണ്ഡമായി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരായുകയും ഭേദഗതി കൂടതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 10.50-ന് അവസാനിച്ചു.

.....